# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മണർകാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം പി13-511/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 06/05/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണർകാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മണർകാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണർകാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം പി13-511/2022 തീയ്യതി: 06/05/2022

## കോട്ടയം ജില്ലയിലെ മണർകാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മണർകാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാധാകൃഷ്ണൻ എം.എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 03-03-2022 | 15-03-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-03-2022 | 15-03-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.പ്രസാദ്.പി.ജി.-ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.ഇന്ദുലേഖ.എ -ഓഡിറ്റ് ഓഫീസർ
ശ്രീമതി.സുനിത.എം.എസ് -അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽകുമാർ.ജി -സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജോഷി തോമസ് -ഓഡിറ്റർ
ശ്രീമതി.ജാസ്മിൻ.എസ് -ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സുജ സാമുവൽ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ.ബിജു.കെ.സി | പ്രസിഡന്റ് | 15-12-2020 | 31-03-2021 |
| ശ്രീ .വി.കെ.രാജീവ് | സെക്രട്ടറി | 01-04-2020 | 08-06-2020 |
| ശ്രീ.അരുൺകുമാർ.എൻ | സെക്രട്ടറി | 09-06-2020 | 03-03-2021 |
| ശ്രീ.സുധീർ.എം.എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുധീർ.എൻ.എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി ഷാന്റി എ കെ | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീ.തോമസ് ബോബി മാത്യുസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി സനുമകുമാരി റ്റി എസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ദീപ കൃഷ്ണൻകുട്ടി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2020 | 23-06-2020 |
| ശ്രീ.സലിൽ ക്ലീറ്റസ് | അസിസ്റ്റന്റ് എൻജിനീയർ | 23-06-2020 | 31-03-2021 |
| ശ്രീമതി.പി.ഉദയകല | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ബീന സി ജെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 08-11-2020 |
| ശ്രീമതി.ലക്ഷ്മി.എ.എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 09-11-2020 | 31-03-2021 |
| ഡോ. സുകുമാരി | മെഡിക്കൽ ഓഫീസർ - ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ.നാൻസമ്മ തമ്പി | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ.രമ്യ.എം | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. | 01-04-2020 | 29-01-2021 |

| | | | |
|---|---|---|---|
| ഡോ.സ്വപ്ന മഞ്ചരി | മെഡിക്കൽ ഓഫീസർ – പി.എച്ച്.സി | 30-01-2021 | 31-03-2021 |
| ഡോ. ബിനോയ് പി മാത്യു | സീനിയർ വെറ്ററിനറി സർജൻ | 01-04-2020 | 02-07-2020 |
| ഡോ.മെറിൻ അലക്സാണ്ടർ | സീനിയർ വെറ്ററിനറി സർജൻ | 03-07-2020 | 31-03-2021 |

12.11.2020 മുതൽ 14.12.2020 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലായിരുന്നു

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sunitha M S (Senior Grade Auditor, On 16-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: A Indulekha (Audit Officer, On 16-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 06-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: A Indulekha (Audit Officer, On 16-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 06-05-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: A Indulekha (Audit Officer, On 16-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-04-2022) | 1-4 |
| 5 | വാർഷികപദ്ധതി അവലോകനം<br>Written By: A Indulekha (Audit Officer, On 16-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 06-05-2022) | 1-5 |
| 6 | ദേശീയതൊഴിലുറപ്പു പദ്ധതി<br>Written By: A Indulekha (Audit Officer, On 16-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 06-05-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Sunitha M S (Senior Grade Auditor, On 15-03-2022)<br>Last Updated By: Sunitha M S (Senior Grade Auditor, On 15-03-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Jasmine (Auditor, On 12-03-2022)<br>Last Updated By: Prasad P G (Audit Officer, On 17-03-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: A Indulekha (Audit Officer, On 16-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 06-05-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sunitha M S (Senior Grade Auditor, On 16-03-2022)<br>Last Updated By: Sunitha M S (Senior Grade Auditor, On 16-03-2022) | 1-10 |
| 11 | വസ്തുനികുതി -ഓഡിറ്റ് നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലെ മാറ്റങ്ങൾ.<br>Written By: Joshy Thomas (Auditor, On 16-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-04-2022) | 1-11 |
| 12 | മൊബൈൽ ടവറുകളുടെ പെർമിറ്റ് കാലാവധി പുതുക്കുകയോ നികുതി നിർണയിക്കുകയോ ചെയ്തില്ല<br>Written By: Joshy Thomas (Auditor, On 16-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-04-2022) | 1-12 |
| 13 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശികയായി തുടരുന്നു<br>Written By: Joshy Thomas (Auditor, On 16-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 06-05-2022) | 1-13 |
| 14 | തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല<br>Written By: Sunitha M S (Senior Grade Auditor, On 16-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 06-05-2022) | 1-14 |
| 15 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Jasmine (Auditor, On 15-03-2022)<br>Last Updated By: A Indulekha (Audit Officer, On 17-03-2022) | 1-15 |
| 16 | ലൈസൻസ് ഫീസ് -ഓഡിറ്റ് ഇംപാക്ട്.<br>Written By: Jasmine (Auditor, On 15-03-2022)<br>Last Updated By: A Indulekha (Audit Officer, On 17-03-2022) | 1-16 |
| 17 | ഇ-ടെന്റർ - ടെന്റർ ഫീസ് പഞ്ചായത്തിന് ലഭ്യമായില്ല. | 1-17 |

| | | |
|---|---|---|
| | Written By: Prasad P G (Audit Officer, On 17-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 06-05-2022) | |
| 18 | കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല സ്യൂട്ട് രജിസ്റ്റർ-കാലികമായും കൃത്യമായും എഴുതി സൂക്ഷിച്ചിട്ടില്ല<br>Written By: A Indulekha (Audit Officer, On 17-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-04-2022) | 1-18 |
| 19 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ/കോൺട്രിബ്യൂഷനുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു-എ.സി.ആർ. കൃത്യമായി സൂക്ഷിച്ചിട്ടില്ല<br>Written By: A Indulekha (Audit Officer, On 17-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 06-05-2022) | 1-19 |
| 20 | കോവിഡ് -19 പ്രതിരോധപ്രവർത്തനങ്ങൾ.<br>Written By: A Indulekha (Audit Officer, On 17-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 06-05-2022) | 1-20 |
| 21 | മൽസരാധിഷ്ഠിത രീതിയിൽ ഇ-ടെണ്ടർ നടത്തുന്നില്ല.<br>Written By: A Indulekha (Audit Officer, On 17-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-04-2022) | 1-21 |
| 22 | മരാമത്ത് പ്രവൃത്തികൾ - ഫയലുകൾ അപൂർണ്ണം.<br>Written By: Prasad P G (Audit Officer, On 16-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 06-05-2022) | 1-22 |
| 23 | ക്ഷേത്രക്കുളം പുനരുദ്ധാരണം- തുടർനടപടികളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: A Indulekha (Audit Officer, On 17-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-04-2022) | 1-23 |
| 24 | നാഷണൽ റർബൻ മിഷൻ -പുതുപ്പള്ളി മണർകാട് ക്ലസ്റ്റർ-മണർകാട് ഗ്രാമപഞ്ചായത്തിൽ പദ്ധതികൾ നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല.<br>Written By: A Indulekha (Audit Officer, On 17-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 06-05-2022) | 1-24 |
| 25 | എം.സി.എഫ് നിർമ്മാണം -അധികതുക നല്കി,മറ്റ് അപാകതകൾ.<br>Written By: Prasad P G (Audit Officer, On 17-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 06-05-2022) | 1-25 |
| 26 | പാലിയേറ്റീവ് നേഴ്സിന് ഇൻസെന്റീവ്-സർക്കാർ ഉത്തരവിന് വിരുദ്ധമായി നൽകി<br>Written By: Joshy Thomas (Auditor, On 15-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 06-05-2022) | 1-26 |
| 27 | സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി വ്യക്തിഗത ആനുകൂല്യം നൽകി.<br>Written By: Joshy Thomas (Auditor, On 15-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 06-05-2022) | 1-27 |
| 28 | എസ്.സി കുട്ടികൾക്ക് പഠനോപകരണങ്ങൾ - സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ ആനുകൂല്യം നൽകി<br>Written By: Sunil Kumar G (Senior Grade Auditor, On 17-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-04-2022) | 1-28 |
| 29 | കാലിത്തീറ്റ വാങ്ങാത്ത ഗുണഭോക്താക്കളുടെ വിഹിതം തിരികെ ലഭ്യമാക്കിയില്ല.<br>Written By: Joshy Thomas (Auditor, On 15-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-04-2022) | 1-29 |
| 30 | വി.ഇ.ഒ നടപ്പാക്കിയ വിവിധ പദ്ധതികൾ - വാലുവേഷൻ ലഭ്യമായില്ല, ചെലവ് രേഖകൾ അപൂർണ്ണം<br>Written By: Sunil Kumar G (Senior Grade Auditor, On 17-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 06-05-2022) | 1-30 |

| | | |
|---|---|---|
| 31 | ഗവ. സ്കൂളിലേക്ക് പാചക പാത്രങ്ങൾ വാങ്ങൽ - ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 17-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-04-2022) | 1-31 |
| 32 | കന്നുകുട്ടി പരിപാലനം -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല<br>Written By: Joshy Thomas (Auditor, On 15-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 06-05-2022) | 1-32 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>Written By: A Indulekha (Audit Officer, On 16-03-2022)<br>Last Updated By: A Indulekha (Audit Officer, On 16-03-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: A Indulekha (Audit Officer, On 16-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 06-05-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: A Indulekha (Audit Officer, On 16-03-2022)<br>Last Updated By: A Indulekha (Audit Officer, On 16-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: A Indulekha (Audit Officer, On 16-03-2022)<br>Last Updated By: A Indulekha (Audit Officer, On 16-03-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: A Indulekha (Audit Officer, On 16-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 06-05-2022) | 4.5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Jasmine (Auditor, On 12-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 06-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: A Indulekha (Audit Officer, On 17-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 06-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Sunitha M S (Senior Grade Auditor, On 15-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-04-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Jasmine (Auditor, On 15-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-04-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sunitha M S (Senior Grade Auditor, On 15-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 06-05-2022) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sunitha M S (Senior Grade Auditor, On 15-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 06-05-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 16.02.2021 ലെ 1/1നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 15836917 | 28152200.65 |
| വരവ് | 162247000 | 75548924 |
| ആകെ | 178083917 | 103701124.65 |
| ചെലവ് | 165274500 | 78821290 |
| നീക്കിയിരിപ്പ് | 12809417 | 24879834.65 |

### 1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 03/06/2021ലെ 10(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2020-21ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 28152200 രൂപയും തൻവർഷ വരവ് 75548924 രൂപയും തൻവർഷചെലവ് 78821290 രൂപയും വർഷാവസാന നീക്കിയിരിപ്പ് 24879834.65 രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 135471136.00 രൂപയും ആകെ ചെലവ് 133767795.00 രൂപയും ആകുന്നു. മേൽ വിവരിച്ച ധനകാര്യപത്രിക പരിശോധിച്ചതിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാർഷിക കണക്കിനൊപ്പം അനുപാതങ്ങൾ തയ്യാറാക്കി സമർപ്പിച്ചിരുന്നില്ല.

2) ഗ്രാമപഞ്ചായത്ത് നാളിതുവരെ ആർജ്ജിച്ച ആസ്തികൾ കൃത്യമായി മൂല്യനിർണ്ണയം നടത്തി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

3)B-4 ഷെഡ്യൂളിലെ വിവരങ്ങൾ രജിസ്റ്ററുമായി പൂർണ്ണമായും പൊരുത്തപ്പെടുന്നില്ല.

4) ലോൺ രജിസ്റ്റർ നീക്കിയിരിപ്പ് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

5) റെസിഡൻഷ്യൽ/നോൺ റെസിഡൻഷ്യൽ വസ്തു നികുതി കുടിശ്ശിക/തൻവർഷ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

6) B -9 ഷെഡ്യൂളിൽ സർക്കാറിലേയ്ക്ക് അടവാക്കേണ്ട തുകയുടെ കൃത്യത വ്യക്തമല്ല.

7) B-18 ഷെഡ്യൂളിലെ വിവരങ്ങൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

8)പൂർത്തീകരിച്ച നിക്ഷേപപ്രവൃത്തികളുടെ മൂല്യം വാർഷികകണക്കുകളിൽ ആസ്തികളാക്കി മാറ്റിയിട്ടില്ല.

9) ബാലൻസ് ഷീറ്റ് B-5 - പട്ടികയിൽ ലോൺ ഇനത്തിലെ നീക്കിയിരിപ്പ് 2916711 രൂപയും B-16 പട്ടികയിൽ 2832114 രൂപയുമായിട്ടാണ് സൂചിപ്പിച്ചിരിക്കുന്നത് . വ്യത്യാസം വിശദീകരിയ്ക്കാനുള്ള അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 28152200.65 |
| ഓഡിറ്റ് വർഷത്തെ വരവ് | 75548924 |

| | |
|---|---|
| ആകെ | 103701124.65 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 78821290 |
| നീക്കിയിരിപ്പ് | 24879834.65 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3528104 |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | | 0 | 16561588 | 16561588 | 16129378 | 432210 | 97 |
| വികസന ഫണ്ട്- എസ്.സി.പി | | 0 | 4438000 | 4438000 | 3052034 | 1385966 | 69 |
| വികസന ഫണ്ട്- ടി.എസ്.പി. | | 0 | 684000 | 684000 | 684000 | --- | 100 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | Untied Basic Grant | 0 | 10317558 | 10317558 | 5726564 | 4590994 | 56 |
| | Tied Grant | 0 | 5050000 | 5050000 | 672561 | 4377439 | 13 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | | 0 | 3728898 | 3728898 | 3053398 | 675500 | 81 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | | 0 | 13674000 | 13674000 | 7232765 | 6441235 | 53 |
| ഐസിഡിഎസ് ഫണ്ട് | | 932645 | 687402 | 1620047 | 385055 | 1234992 | --- |
| ശുചിത്വ മിഷൻ ഗ്രാന്റ് | | 1518473 | 2694521 | 4212994 | 536800 | 3676194 | |
| എൻആർഇജിഎ | | 114679 | 12502017 | 12616696 | 12616696 | ഇല്ല | 100 |

ഗ്രാന്റിന്റെ വിനിമയം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. വികസന ഫണ്ട് പൊതുവിഭാഗം ജി.ഒ പ്രോജക്ടുകൾക്കായി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിരുന്നു.

2. ഗ്രാന്റ് പത്രികയിലെ മേഖല തിരിച്ചുള്ള അലോട്ട്മെന്റ് തുകകളുടെ കണക്ക് യഥാർത്ഥ അലോട്ട്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

വികസന ഫണ്ട്, കേന്ദ്ര- സംസ്ഥാന വിഹിതം എന്നിവയുടെ അക്കൗണ്ടിങ്ങിലെ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന്(ഗ്രാന്റ് പത്രിക, സുലേഖ ചെലവ് പത്രിക, ഓൺലൈൻ എ.സി.ആർ , വാർഷിക കണക്ക് എന്നിവ പ്രകാരം) വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

**1-5 വാർഷികപദ്ധതി അവലോകനം**

ഗ്രാമപഞ്ചായത്തിന്റെ 2020-21 ലെ വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ മീറ്റിംഗ് 11.01.2020ൽ നടക്കുകയുണ്ടായി . പദ്ധതിരൂപീകരണ ഗ്രാമ സഭകൾ-ഓൺ ലൈൻ ആയി നടത്തിയിരുന്ന 26.01.2020ൽ ഭരണസമിതി അംഗീകരിച്ച പ്രസ്തുത പ്രോജക്ടുകൾക്ക് 05.02.2021ലെ 80898/20/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിക്കുകയും ചെയ്തു.അംഗീകാരം ലഭിക്കുകയും നടപ്പിലാക്കുകയും ചെയ്ത പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകൾ | ആകെ അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| **284** | **173** | **127596319** | **54127989** | **43** |

വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ വാർഷികപദ്ധതി പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയത് | വകയിരുത്തിയ തുക | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 9 | 8 | 3919930 | 3178484 | 81 |
| 2 | വെറ്ററിനറി സർജൻ | 5 | 4 | 2818000 | 1131997 | 43 |
| 3 | മെഡി.ഓഫീസർ, പി.എച്ച്.സി | 8 | 6 | 1165000 | 836106 | 72 |
| 4 | മെഡി.ഓഫീസർ, ആയുർവേദ | 1 | 1 | 800000 | 800000 | 100 |
| 5 | മെഡി.ഓഫീസർ, ഹോമിയോ | 1 | 1 | 100000 | 100000 | 100 |
| 6 | വി.ഇ.ഒ-1 | 20 | 13 | 25923955 | 7558637 | 29 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ. | 10 | 4 | 8196391 | 4109107 | 50 |
| 8 | സെക്രട്ടറി | 32 | 10 | 16951608 | 4464437 | 27 |
| 9 | സബ് ഇൻസ്പെക്ടർ ഫിഷറീസ് | 1 | 0 | 375000 | ---- | 0 |
| 10 | അസി.എൻജിനീയർ | 186 | 122 | 65109310 | 29838846 | 46 |
| 11 | ക്ഷീരവികസന ഓഫീസർ | 2 | 1 | 992125 | 992125 | 100 |
| 12 | അസി.സെക്രട്ടറി | 4 | 1 | 1361000 | 209250 | 58 |
| 14 | ഹെഡ്മാസ്റ്റർ | 5 | 2 | 1084000 | 909000 | 84 |

| | | | | | | |
|---|---|---|---|---|---|---|
| | ആകെ | **284** | **173** | **127596319** | **54127989** | **43** |

**<u>1-5എ വിനിയോഗലക്ഷ്യം കൈവരിച്ചില്ല 1.79കോടി രൂപ നഷ്ടപ്പെട്ടു</u>**

ഓഡിറ്റ് വർഷം സമയബന്ധിതമായി പദ്ധതി നടപ്പാക്കാത്തതിനാൽ നഷ്ടമായ സർക്കാർ ഗ്രാന്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഗ്രാന്റ്-ഇനം | | അലോട്ട്മെന്റ്/ വരവ് | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 16561588 | 16129378 | 432210 |
| വികസന ഫണ്ട്-എസ്.സി.പി | | 4438000 | 3052034 | 1385966 |
| വികസന ഫണ്ട്-ടി.എസ്.പി. | | 684000 | 684000 | --- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | Untied Basic Grant | 10317558 | 5726564 | 4590994 |
| | Tied Grant | 5050000 | 672561 | 4377439 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | | 3728898 | 3053398 | 675500 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | | 13674000 | 7232765 | 6441235 |
| ആകെ | | | | 17903344 |

പ്രവൃത്തികളുടെ ബാഹുല്യവും, പദ്ധതി നിർവ്വഹണ നടപടികളിലെ മെല്ലെപ്പോക്കും സർക്കാർ ഫണ്ട് നഷ്ടപ്പെടാൻ പ്രധാന കാരണമാണ്. സി. എഫ് .സി ഉപാധിപ്രകാരമുള്ള ഫണ്ട് ചെലവ് നാമമാത്രമായിരുന്നു. തൻവർഷത്തേയ്ക്ക് ലഭിക്കാൻ സാദ്ധ്യതയുള്ള ആകെ പദ്ധതി വിഹിതത്തിന് ആനുപാതികമായി മാത്രം പദ്ധതികൾ തയ്യാറാക്കുകയോ (സ്പിൽ ഓവർ ഉൾപ്പെടെ), അതല്ലെങ്കിൽ സ്പിൽഓവർ പദ്ധതികളുടെ പ്രവർത്തനങ്ങൾ വർഷാരംഭത്തിൽ തന്നെ പൂർത്തീകരിച്ച് ലഭിക്കാൻ സാദ്ധ്യതയുള്ള അധിക വിഹിതത്തിനായി സർക്കാരിനെ സമീപിക്കുകയോ ചെയ്യേണ്ടത് അനിവാര്യമാണ്. വികസനപ്രവർത്തനങ്ങൾക്കായി ലഭ്യമായിരുന്ന തുകയിൽ **1.79കോടി** രൂപ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടിട്ടുണ്ട്. ഇതിൽ തിരികെ ലഭിക്കാൻ അർഹതയുള്ള തുക ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>പ്രളയദുരിതാശ്വാസ ഫണ്ടിന്റെ വിനിയോഗം</u>

2018-ലെ പ്രളയം സാരമായി ബാധിച്ച ഗ്രാമപഞ്ചായത്തുകൾക്ക് സംസ്ഥാനസർക്കാരിന്റെ 2020-21 ബജറ്റിൽ പ്രത്യേകമായി വകയിരുത്തിയിരുന്നു. വികസനഫണ്ട് വിഹിതം മണർകാട് ഗ്രാമപഞ്ചായത്തിനും അനുവദിക്കപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 19- 02-2021ലെ സ.ഉ.(സാധാ) നം 1604/2021/Fin പ്രകാരം പൊതുവിഭാഗത്തിൽ 3636000 രൂപ അനുവദിക്കുകയുണ്ടായി. സാമ്പത്തിക വർഷാവസാനം അനുവദിക്കപ്പെട്ട തുകയായതിനാൽ പൂർണ്ണമായും വിനിയോഗിക്കാൻ സാധിച്ചില്ല.

<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഫലപ്രദമല്ല</u>

വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും ചുമതല നിർവ്വഹിച്ചിട്ടില്ല എന്ന് കാണുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവയും ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

**മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല**

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## <u>1-6 ദേശീയതൊഴിലുറപ്പ് പദ്ധതി</u>

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2020-21 വർഷം 533 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം ലേബർബജറ്റ്പ്രകാരം 355 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 330 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതില് 276 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്.28552 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു 533 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി ജല സംരക്ഷണ പ്രവർത്തി,തോട് ആഴം കൂട്ടൽ, വർക്ക്ഷെഡ്,മഴക്കുഴി, കയർ ഭൂവസ്ത്രം, തരിശ്ഭൂമി കൃഷിയോഗ്യമാക്കൽ , റോഡ് കോൺക്രീറ്റിംഗ് തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. തൻവർഷത്തെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവുകണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. കാഷ്ബുക്ക് പ്രകാരമുള്ള 2020-21 വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | 114679 | |
| വരവ് | ഇ.എഫ് എം.എസ് വരവ് | 11849460 | 12616696 |
| | ക്യാഷ് വരവ് പലിശ ഉൾപ്പെടെ | 652557 | |
| ചെലവ് | തൊഴിലാളികളുടെ വേതനം | 8056239 | 12616696 |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 1224864 | |
| | ഉപകരണങ്ങളുടെ വില, വാടക | 2568357 | |
| | ഭരണചെലവുകൾ (ബാങ്ക് ചാർജ്ജ് ഉൾപ്പെടെ) | 767236 | |
| നീക്കിയിരുപ്പ് | | 0 | |

## <u>1-7 ക്ഷേമപദ്ധതികൾ</u>

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 5760 | 7 |
| കർഷകതൊഴിലാളി പെൻഷൻ | 3625900 | 1450 |
| വിധവാപെൻഷൻ | 9128100 | 3336 |
| വാർദ്ധക്യകാലപെൻഷൻ | 37879500 | 14656 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 3503200 | 1385 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 300500 | 113 |

**1-8 ക്യാഷ് വെരിഫിക്കേഷൻ**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.03.2022 ,3.15 PM ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 49516/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തരനിയന്ത്രണം**

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

സ്ഥാപനങ്ങളുടെ ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണസംവിധാനം കാര്യക്ഷമമായി നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് കാണുന്നു.

**1) പൊതുനിയന്ത്രണം**

ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം ഉത്തരവാദിത്തമായി ഉൾക്കൊണ്ടുകൊണ്ട് ഗ്രാമ പഞ്ചായത്തിലെ മൊത്തത്തിലുള്ള ജോലി വിഭജനം നിർണ്ണയിക്കുന്നതിനും അവയിലെ അപാകതകൾ പരിഹരിക്കുന്നതിനുമുള്ള നടപടികൾ അധികൃതർ സ്വീകരിച്ചിട്ടുണ്ട്.

**2) അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)**

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു, എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല.

**3) ക്യാഷ്, ബാങ്ക് നിയന്ത്രണം**

ഓരോ ഇടപാടുകൾ സംബന്ധിച്ചും ഫലപ്രദമായ ക്യാഷ്/ബാങ്ക് നിയന്ത്രണത്തിൽ അപാകതകൾ നിലവിലില്ല. നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ലിസ്റ്റ്, ചെക്ക്/ഡി.ഡി. എന്നിവയുടെ രേഖകൾ ക്യാഷ്/ബാങ്ക് മുഖേനയുള്ള വരവ് ചെലവുകളുടെ രേഖപ്പെടുത്തൽ, സൂക്ഷിപ്പ്, വരവിൽ നിൽക്കുന്ന ക്യാഷിന്റെ നിക്ഷേപം, ചെലവുകൾ വേർതിരിച്ച് നിയന്ത്രിച്ചും, ചെലവുകൾ വ്യക്തമായി ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയും ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയുമുള്ള ക്യാഷ്/ബാങ്ക് സംബന്ധിച്ച വ്യക്തമായ സംവിധാനം അവലംബിച്ചിട്ടുണ്ട്.

**4) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം**

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്. എങ്കിലും വസ്തുനികുതി ഉൾപ്പെടെയുള്ള വരവിനങ്ങളിൽ കുടിശ്ശിക അവശേഷിക്കുന്നുണ്ട്.

**5) വാങ്ങലുകളിന്മേലും നിർമ്മാണ പ്രവൃത്തികളിന്മേലുള്ള നിയന്ത്രണം**

പ്രൊക്യൂർമെന്റ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്.പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടും കൂടി പ്രോക്യൂർമെന്റ് മാനുവൽ അനുസരിച്ചുള്ള പ്രവൃത്തികളും വാങ്ങലുകളുമാണ് നടത്തിയിട്ടുള്ളത്.

**6) പേ റോൾ നിയന്ത്രണം**

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ച്, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

**7) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്**

കേന്ദ്ര /സംസ്ഥാന ഫണ്ട് വിഹിതങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതും ബി4-പട്ടികയുമായി ബന്ധപ്പെടുത്തിയും സൂക്ഷിക്കേണ്ടതായ ACR സൂക്ഷിയ്ക്കുന്നില്ല. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ, വാട്ടർ ചാർജ്ജ് രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ, ലോൺ രജിസ്റ്റർ , സർക്കാരിലേയ്ക്ക് അടവാക്കാനുള്ള ബാദ്ധ്യതകളുടെ രജിസ്റ്റർ എന്നിവ കൃത്യമായും കാലികമായും സൂക്ഷിച്ചിട്ടില്ല.

**8) <u>ആസ്തി നിയന്ത്രണം ഫലപ്രദമല്ല</u>**

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>9) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം</u>**

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**<u>1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25/05/2019 | 03/2019, 04/2019 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15/02/2020 | 2014-15 മുതൽ 2018-19വരെ | - |

**<u>1-11 വസ്തുനികുതി -ഓഡിറ്റ് നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലെ മാറ്റങ്ങൾ.</u>**

1. തെറ്റായ ഉപയോഗക്രമത്തിൽ നികുതി നിർണയിച്ചത് പുന:ക്രമീകരിച്ചു.

വസ്തുനികുതി സഞ്ചയ ഡേറ്റാ പരിശോധിച്ചതിൽ 15/553 എന്ന കെട്ടിടത്തിന്റെ നികുതി നിർണയിച്ചിട്ടുള്ളത് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ് എന്ന ഗണത്തിലെ വർക്ക് ഷോപ്പ് എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിന് 5 രൂപ നിരക്കിലാണ്. ഡയറക്ടർ പി & പിഡി, റബർബോർഡ് എന്ന ഉടമസ്ഥതയിലാണ് കെട്ടിടം രേഖപ്പെടുത്തിയിട്ടുള്ളത്. നാലുനിലകളിലായി 3034 ച.മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് നിലവിൽ 16233 രൂപയാണ് നികുതി നിർണയിച്ച് ഈടാക്കി വരുന്നത്. കെട്ടിടത്തിന്റെ മുൻ അസസ്സ്മെന്റുകൾ പരിശോധിച്ചതിൽ നികുതി പരിഷ്കരണത്തിന് മുമ്പ് കെട്ടിടത്തിന്റെ വസ്തുനികുതി 13416 രൂപയായിരുന്നെന്നും പരിഷ്കരണത്തെത്തുടർന്ന് 129856 രൂപയായി നിശ്ചയിച്ചതായും പിന്നീട് നിലവിലുള്ള നികുതിയായ 16233 രൂപയായി കുറച്ചും നികുതി നിർണയിച്ചിട്ടുള്ളതായി കാണുന്നു. പ്രസ്തുത കെട്ടിടത്തിന്റെ ഉപയോഗക്രമം സംബന്ധിച്ചും നികുതി നിർണയം നടത്തിയത് സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ യഥാർത്ഥ ഉപയോഗക്രമത്തിലേക്ക് മാറ്റി 23369 രൂപയായി നികുതി പുനർനിർണയിച്ച് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2. വഴിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് പരിഗണിച്ച് നികുതിയിൽ വ്യത്യാസം വരുത്തി.

പഞ്ചായത്തിന്റെ വസ്തുനികുതി പരിശോധനയിൽ ശ്രീ എബ്രഹാം വി.കെ. എന്ന വ്യക്തിയുടെ 14/524 F

എന്ന വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് നികുതി നിർണയിച്ചപ്പോൾ റോഡിന്റെ തരം രേഖപ്പെടുത്തിയത് 1.5 മീറ്ററിൽ കൂടുതലുള്ള മണർകാട് പുതുപ്പള്ളി റോഡ് എന്നാണ്. ഇതു പ്രകാരം 167.62 ച.മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന ഗണത്തിലുൾപ്പെടുത്തി (ച.മീറ്ററിന് 40 രൂപ നിരക്ക്, ലൈബ്രറി സെസ്-5%, സേവനഉപനികുതി-2%) 7176 രൂപയാണ് വാർഷിക നികുതിയായി കണക്കാക്കിയത്. പ്രസ്തുത കെട്ടിടത്തിന്റെ പ്ലാൻ പരിശോധിച്ചതിൽ കെട്ടിടം സ്ഥിതി ചെയ്യുന്നത് 5 മീറ്ററിൽ കൂടുതലുള്ള തലപ്പാടി-മണർകാട് റോഡരികിലാണെന്ന് കാണുന്നു. ആയത് പരിഗണിച്ച് , വഴിയുടെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ് ഉൾപ്പെടെ 8609 രൂപയായി നികുതി നിർണയിക്കേണ്ടിയിരുന്നു. നികുതി കുറവായി നിർണയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് വഴിയുടെ വർദ്ധനവ് ഉൾപ്പെടുത്തി നികുതി പുനർനിർണയിച്ച് മറുപടി ലഭ്യമാക്കി.

3. വസ്തുനികുതി പുനർനിർണയിച്ചത്.

പഞ്ചായത്തിന്റെ വസ്തുനികുതി പരിശോധനയിൽ ശ്രീമതി ആലീസ് എബ്രഹാം എന്ന വ്യക്തിയുടെ പേരിലുള്ള 13/417 C എന്ന വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ക്രമവൽക്കരിച്ച് നൽകുന്നതിന് അപേക്ഷ ലഭിച്ചതായി കണ്ടു. പ്ലാനിൽ ഇതേ വ്യക്തിയുടെ 13/417 A1 എന്ന 254.27ച.മീറ്റർ വിസ്തീർണ്ണമുള്ള ഹോളോബ്രിക്സ് ഫാക്ടറി സമീപത്തായുള്ളതായി രേഖപ്പെടുത്തിയിരുന്നു. വാർഡ് ക്ലർക്ക് സ്ഥല പരിശോധനയിൽ ഇത് സ്ഥിരീകരിച്ചിട്ടുണ്ട്. സഞ്ചയയിൽ ഈ കെട്ടിടത്തിന് 205.16 ച.മീറ്റർ എന്ന് രേഖപ്പെടുത്തി ഇതരവ്യവസായങ്ങൾ എന്ന ഉപയോഗക്രമത്തിലുൾപ്പെടുത്തിയാണ് നികുതി നിർണയിച്ചിട്ടുള്ളത്. അധികമായി നിർമിച്ചിട്ടുള്ള 49.11 ച.മീറ്റർ കെട്ടിടഭാഗത്തിന് ക്രമവൽക്കരണ ഫീസ് ഈടാക്കി നികുതി പുനർനിർണയിച്ചിട്ടില്ലെന്നു കാണുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് കെട്ടിടഭാഗം കൂട്ടിച്ചേർത്ത് നികുതി പുനർനിർണയിച്ച് മറുപടി ലഭ്യമാക്കി. വസ്തുനികുതി നിർണയത്തിൽ അപാകതകളുണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## <u>1-12 മൊബൈൽ ടവറുകളുടെ പെർമിറ്റ് കാലാവധി പുതുക്കുകയോ നികുതി നിർണയിക്കുകയോ ചെയ്തില്ല</u>

2019-20ൽ പഞ്ചായത്തിൽ നിന്നും മൊബൈൽ ടവർ നിർമാണത്തിനായി റിലയൻസ് ജിയോ ഇൻഫോകോമിന് 1.6.19 മുതൽ 31.5.2020 വരെ കാലയളവിലേക്ക് പെർമിറ്റ് അനുവദിച്ചിരുന്നു. (ഫയൽ നം.എ4-2286/19). പെർമിറ്റ് കാലാവധി അവസാനിച്ചെങ്കിലും അനുമതി പുതുക്കുകയോ നിർമാണം പൂർത്തിയാക്കി നികുതി നിർണയിക്കപ്പെടുകയോ ചെയ്തിട്ടില്ലെന്നു കാണുന്നു. ടവർ നിർമാണം സംബന്ധിച്ച നിലവിലെ അവസ്ഥ പരിശോധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 20) ടവർ ഇതു വരെ നിർമിച്ചിട്ടില്ലെന്നും പെർമിറ്റ് കാലാവധി പുതുക്കിയിട്ടില്ലെന്നും മറുപടി നൽകിയിട്ടുണ്ട്. മുൻവർഷങ്ങളിൽ പെർമിറ്റ് നൽകിയിട്ടുള്ള ടവറുകളുൾപ്പെടെ പരിശോധിച്ച് അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളൊന്നും പഞ്ചായത്ത് പരിധിയിലില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്. പെർമിറ്റ് ഫയലുകളിൽ തുടർനിരീക്ഷണങ്ങൾ കാര്യക്ഷമമായി നടത്തേണ്ടതാണ്.

## <u>1-13 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശികയായി തുടരുന്നു</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിട്ടുള്ള മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശികയുള്ളതായി കാണുന്നു.

| ക്രമ നം | വാർഡ്/ നം | മൊബൈൽ സേവനദാതാവ് | വിസ്തീർണ്ണം (ച.മീ.) | കുടിശിക |
|---|---|---|---|---|
| 1 | 2/139/സി | റിലയൻസ് ഇൻഫ്രാടെൽ | 45 | 52761 (2019-2021) |

| | | | | |
|---|---|---|---|---|
| 2 | 2/299/എ | ബിഎസ്എൻഎൽ | 42 | 242676 (2013-2021) |
| 3 | 8/122/ബി | ബിഎസ്എൻഎൽ | 40 | 173340 (2013-2021) |
| 4 | 13/119/എ | ബിഎസ്എൻഎൽ | 21 | 121388 (2013-2021) |
| 5 | 13/195 | റിലയൻസ് ഇൻഫോകോം | 44 | 51586 (2019-2021) |
| 6 | 14/350/എ | ഭാരതി സെല്ലുലാർ | 42 | 24717 (2021) |
| 7 | 15/677/സി | റിലയൻസ് ജിയോ ഇൻഫോകോം | 21.62 | 10411 (2021) |

വസ്തുനികുതി പിരിച്ചെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരങ്ങൾ അന്വേഷണക്കുറിപ്പിലൂടെ (നം. 16) ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമായില്ല. കുടിശിക തുക ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്.ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2020-21സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു.

| സ്ഥാപനം | തൊഴിൽ നികുതി | സ്ഥാപന നികുതി |
|---|---|---|
| റാപ്പിഡ് സൊല്യൂഷൻസ്, മണർകാട് | 1&2 അർദ്ധവർഷം | - |
| സപ്ളൈകോ സൂപ്പർ മാർക്കറ്റ്, മണർകാട് | 1&2 അർദ്ധവർഷം | - |
| പയനിയർ ഇൻഡസ്ട്രീസ്, മണർകാട് | 2 അർദ്ധവർഷം | - |
| സീ ഫിഷറീസ് ,മണർകാട് | 2 അർദ്ധവർഷം | - |
| മത്സ്യഫെഡ് ഔട്ലറ്റ്, മണർകാട് | - | 1&2 അർദ്ധവർഷം |
| വിജയപുരം ശ്രീകൃഷ്ണസ്വാമി ക്ഷേത്രം | 1&2 അർദ്ധവർഷം | - |

കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ,റേഷൻ കടകൾ എന്നീ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതിയും തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. ഈ

വിഷയങ്ങളെക്കുറിച്ച് നൽകിയഓഡിറ്റ്എൻക്വയറിക്ക്(എൻക്വയറി നം.4, തീയതി 07.03.2022) പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാനുള്ള തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കി അറിയിക്കുന്നതാണെന്ന മറുപടി ലഭിച്ചു.

**1-15 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു**

മണർകാട് ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ഡി& ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ ,മാവേലി സ്റ്റോറുകൾ, റീട്ടെയിൽ റേഷൻ ഡിപ്പോകൾ എന്നീ സ്ഥാപനങ്ങൾ നിലവിൽ ലൈസൻസെടുക്കാതെ പ്രവർത്തിക്കുന്നതായി കാണുന്നു. ഈ സ്ഥാപനങ്ങളെ കൂടി ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രസ്തുത വിഷയത്തെ അധികരിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 16 ,തീയതി 11.03.2022) മറുപടിയായി പ്രസ്തുത സ്ഥാപനങ്ങളെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

**1-16 ലൈസൻസ് ഫീസ് -ഓഡിറ്റ് ഇംപാക്ട്.**

കേരളാ പഞ്ചായത്ത് രാജ് ആക്ട് ലൈസൻസ് ചട്ടങ്ങൾ,ചട്ടം 7 പട്ടിക 2 പ്രകാരം സേവനമേഖലയിൽ ഉൾപ്പെട്ട രണ്ട് കോടി രൂപയിൽ കൂടുതൽ മൂലധന നിക്ഷേപം ഉള്ള സ്ഥാപനങ്ങളെ മീഡിയം എൻറർപ്രൈസസിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസ് ആയി 10000/-രൂപ ഈടാക്കുന്നതിന് നിർദ്ദേശിക്കുന്നു. മെർലിൻ റെസിഡെൻസി ,മണർകാട് എന്ന സ്ഥാപനത്തിന്റെ ഫയൽ പരിശോധിച്ചതിൽ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് പ്രകാരം ഈ സ്ഥാപനത്തിന് 2.7 കോടി മൂലധനനിക്ഷേപം ഉള്ളതായി കാണുന്നു.എന്നാൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും 2020-21 വർഷം 5000/-രൂപ മാത്രമാണ് ലൈസൻസ് ഫീസായി ഈടാക്കിയത്. ഈ വിവരം ഓഡിറ്റ് എൻക്വയറി മുഖേന അറിയിച്ചതിനെ തുടർന്ന് ലൈസൻസ് ഫീസ് ഇനത്തിൽ കുറവ് വന്ന 10000/- രൂപ (2020-21, 2021-22വർഷങ്ങളിലെ ലൈസൻസ് ഫീസ് ഇനത്തിൽ ബാക്കി ഈടാക്കാനുള്ള തുക ) 15/03/2022 ലെ 431300102 -ാം നമ്പർ രസീത് പ്രകാരം ഈടാക്കിയിട്ടുണ്ട്.

**1-17 ഇ-ടെന്റർ – ടെന്റർ ഫീസ് പഞ്ചായത്തിന് ലഭ്യമായില്ല.**

പഞ്ചായത്തിൽ നാളിതു വരെ ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് കോട്ടയം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവായിട്ടുള്ളത്. ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ തയ്യാറാക്കി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നല്കുന്ന മുറക്ക് ഈ തുക പഞ്ചായത്തിന് കൈമാറുകയാണ് തുടർന്നു വരുന്ന രീതി. നാളിതുവരെ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ നിന്നും ടെണ്ടർ ഫീസ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള തുക ക്രോഡീകരിച്ച് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. 09-06-2020 ലെ 1-2 നമ്പർ കമ്മിറ്റി തീരുമാന പ്രകാരം 2020-21ൽ പൊതുമരാമത്ത് പ്രവൃത്തികൾ ടെന്റർ ചെയ്യുമ്പോൾ ഒരു ലക്ഷത്തിൽ അധികരിക്കുന്ന കോൺക്രീറ്റിംഗ് വർക്കുകൾ, മൂന്ന് ലക്ഷത്തിലധികരിക്കുന്ന ടാറിംഗ്,കെട്ടിടനിർമ്മാണ പ്രവൃത്തികൾ എന്നിവ ഇ-ടെന്റർ ചെയ്യുന്നതിന് എൽ.എസ്.ജി.ഡി അസി.എൻജിനീയർക്ക് നിർദ്ദേശം നല്കി തീരുമാനിച്ചിരുന്നു.ഇപ്രകാരം നിരവധി പ്രവൃത്തികൾക്ക് ഇ ടെന്റർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഭരണസമിതി വിഷയം പരിഗണിക്കേണ്ടതും ടെണ്ടർ ഫീസ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള തുക കണക്കാക്കി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-18 കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല സ്യൂട്ട് രജിസ്റ്റർ- കാലികമായും കൃത്യമായും എഴുതി സൂക്ഷിച്ചിട്ടില്ല**

സ്യൂട്ട് രജിസ്റ്റർ പ്രകാരം 2001-2002 മുതൽ എഴുപതോളം കേസുകൾ ഗ്രാമപഞ്ചായത്ത് എതിർകക്ഷിയായി നിലവിലുണ്ട്. ഇവയിൽ ഹൈക്കോടതി, കീഴ്കോടതികൾ, ഓംബുഡ്സ്മാൻ, ട്രൈബ്യൂണൽ എന്നിവയിൽ ഫയൽ ചെയ്തവ വരെ ഉൾപ്പെടുന്നു. കേസിന്റെ തുടർ നടത്തിപ്പ്, തീർപ്പ് തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ പൂർണ്ണമായും എഴുതി സൂക്ഷിച്ചിട്ടില്ല. തൻമൂലം പഞ്ചായത്തിന്റെ താല്പര്യം സംരക്ഷിക്കാൻ ഉതകുംവിധം സമയബന്ധിതമായി നടപടികൾ തുടരുന്നതിന് പഞ്ചായത്തിനു കഴിയുന്നുണ്ടോ എന്നതും വ്യക്തമല്ല. കൂടാതെ പഞ്ചായത്ത് വാദിയായാണോ പ്രതിയായാണോ കേസുകളിൽ കക്ഷി ചേർന്നിരിക്കുന്നത് എന്ന വസ്തുത എല്ലാ കേസുകളിലും വ്യക്തമല്ല. കുറ്റമറ്റ രീതിയിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതിലെ അപാകത നിമിത്തം വക്കീൽ ഫീസ് ഇനത്തിൽ ചെലവഴിക്കുന്ന തുകയുടെയും , (65000,31000രൂപ വീതം ഓഡിറ്റ്വർഷങ്ങളിൽ ചെലവഴിച്ചത്)കൺസൾട്ടൻസി ഫീസ് ഇനത്തിൽ ചെലവഴിക്കുന്ന തുകയുടെയും (1000,15143 രൂപ വീതം ഓഡിറ്റ്വർഷങ്ങളിൽ ചെലവഴിച്ചത്)കൃത്യത ഉറപ്പാക്കാനാവുന്നില്ല. ഇവ കൂടാതെ 2241091 രൂപ 2019-20 ഓഡിറ്റ് വർഷവും 792740 രൂപ 2020-21 ഓഡിറ്റ് വർഷവും കോടതിയുടെ കോമ്പൻസേഷൻ ഇനത്തിൽ ചെലവു വന്നിട്ടുണ്ട്. ഓഡിറ്റ്വർഷം ചെലവഴിച്ച തുകയുമായി ബന്ധപ്പെട്ട് നടത്തിയ കേസിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതു കൂടാതെ നിലവിൽ വിചാരണ പൂർത്തീകരിക്കാത്ത കേസുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി നിശ്ചിത മാതൃകയിൽ സ്യൂട്ട് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-19 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ/കോൺട്രിബ്യൂഷനുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു- എ.സി.ആർ. കൃത്യമായി സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിന് ലഭിച്ച പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളിൽ മുൻവർഷങ്ങളിലുൾപ്പടെ ലഭ്യമായ ഗ്രാന്റിൽ 96.89 ലക്ഷം രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. 31/03/2021 ലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കണക്ക് ശീർഷകം | അവശേഷിക്കുന്ന തുക(31/03/2021) | റിമാർക്ക്സ്/ഫണ്ട് വിശദാംശം |
|---|---|---|---|
| 1. | 320100121 | 1234992/- | ICDS ഫണ്ട് |
| 2. | 320200322 | 3676194/- | ശുചിത്വ മിഷൻ ഗ്രാന്റ് |
| 3. | 320300199 | 1800600 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് |
| 4. | 320700104 | 795387 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം(മൂലധന ചെലവിന്) |
| 5. | 320700204 | 932449/- | ബ്ലോക്ക് പഞ്ചായത്ത് വിഹിതം(റവന്യൂ ചെലവിന്) |
| 6. | 320700305 | 1000000/- | ജില്ല പഞ്ചായത്ത് വിഹിതം(ക്യാപിറ്റൽ ചെലവിന് |
| 7. | 320900101 | 250000/- | നിർമ്മൽ പുരസ്കാരം |
| | ആകെ | 96,89,622 | |

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം രേഖപ്പെടുത്തുന്ന എ.സി.ആർ. ഹാജരാക്കിയത് പരിശോധിച്ചതിൻ പ്രകാരം കാണപ്പെട്ട പ്രധാന അപാകതകൾ താഴെ വിവരിക്കുന്നു.

1. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ പ്രോജക്ടുകൾക്കായി ചെലവഴിക്കുമ്പോൾ അക്കൌണ്ടന്റ് എ.സി.ആർ. തയ്യാറാക്കി ഓരോ ചെലവും പ്രോഗ്രസീവ് ചെലവും സെക്രട്ടറി സാക്ഷ്യപ്പെടുത്തണമെന്നിരിക്കെ എ.സി.ആർ കൃത്യമായി എഴുതി ആധികാരികമാക്കാതെ ചെലവുകൾ നടത്തിയിരിക്കുന്നു. പ്രത്യേക

ഗ്രാന്റുകളുടെ ചെലവുകൾ എ.സി.ആറിൽ രേഖപ്പെടുത്തി തുക, പ്രോഗ്രസീവ് ടോട്ടൽ, ബാലൻസ് എന്നിവ ഉറപ്പാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതായിരുന്നു.

2. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കുമ്പോൾ പ്രോജക്ട് നം., വൌച്ചർ നം., നിർവ്വഹണ ഉദ്യോഗസ്ഥൻ, ചെലവു വിശദാംശം എന്നിവ എ.സി.ആറിൽ രേഖപ്പെടുത്തുന്നില്ല.
3. ജില്ല/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ലഭിച്ച തുകകൾ പട്ടികയിലെ ക്രമ നം.4,5,6 ഏതെല്ലാം പ്രോജക്ടുകൾക്കാണ് ലഭിച്ചത് എന്നത് എ.സി.ആറിൽ ലഭ്യമല്ല.
4. ക്രമ നം.3 ഏതിനം ഫണ്ടാണെന്ന് വ്യക്തമല്ല.

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കാതിരുന്നതിനും അവയുടെ വിനിമയം അക്കൌണ്ട് ചെയ്യുന്ന ACR കൃത്യമായി തയ്യാറാക്കി സാക്ഷ്യപ്പെടുത്താതിരുന്നതിനും മേൽപറഞ്ഞ അപാകതകൾക്കും കൃത്യമായ വിശദീകരണം അനുബന്ധ രേഖകൾ ഉൾപ്പടെ ലഭ്യമാക്കേണ്ടതാണ്.

**1-20 കോവിഡ് -19 പ്രതിരോധപ്രവർത്തനങ്ങൾ.**

കോവിഡ്- 19 വ്യാപനം തടയുന്നതിന് വേണ്ടി സ.ഉ(സാധാ) നം.1364/2020/ത.സ്വ.ഭ.വ തീയതി 16.07.2020-ലെ തീരുമാനപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, ആരോഗ്യവകുപ്പും, ജില്ലാദുരന്തനിവാരണ അതോറിട്ടിയും ചേർന്ന് പ്രത്യേകമായി തയ്യാറാക്കുന്ന ആരോഗ്യ പരിപാലന കേന്ദ്രങ്ങളാണ് COVID FIRSTLINE TREATMENT CENTRE (CFLTC) കോവിഡിന്റെ സമൂഹവ്യാപനമുണ്ടായാൽ നിലവിലുള്ള പൊതു ജനാരോഗ്യ സംവിധാനത്തിന്റെ പ്രവർത്തനത്തെ ബാധിക്കാത്ത തരത്തിൽ അവശ്യ സൗകര്യങ്ങളുള്ള പ്രാദേശികകേന്ദ്രങ്ങളായാണ് സിഎഫ് എൽ റ്റി സി കളെ വിഭാവനം ചെയ്തിട്ടുള്ളത്. ചികിത്സ, ചികിത്സയുമായി ബന്ധപ്പെട്ട ഉപാധികൾ, ഉപകരണങ്ങൾ, മരുന്നുകൾ, എന്നിവ ഒഴികെയുള്ള എല്ലാ ഭൗതിക സാഹചര്യം ഒരുക്കലിന്റെയും ദൈനംദിന നടത്തിപ്പിന്റെയും ഭക്ഷണം, ശുചിത്വം എന്നിവയുടെയും ചുമതല ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിനാണ്.

മണർകാട് ഗ്രാമപഞ്ചായത്തിൽ മണർകാട് സെന്റ് മേരീസ് പള്ളി ഹാളിൽ ആയിരുന്നു സി എഫ് എൽ റ്റി സി പ്രവർത്തിച്ചുവരുന്നത്. നൂറിൽ കൂടുതൽ കിടക്കകൾ പ്രസ്തുത കേന്ദ്രത്തിൽ രോഗികൾക്കായി സജ്ജീകരിച്ചിരുന്നു.

സി.എഫ്.എൽ.ടി.സി യുടെ നടത്തിപ്പിനായി പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം ഒരു <u>മാനേജിംഗ് കമ്മറ്റി</u> രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.കോവിഡ് പ്രതിരോധപ്രവർത്തനങ്ങളിൽ കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിരുന്നതായി വൗച്ചറുകൾ,അനുബന്ധരേഖകൾ എന്നിവ പരിശോധിച്ചതിൽ ബോദ്ധ്യപ്പെട്ടു.

സർക്കാർ <u>ഉത്തരവു പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ</u>

1.തിരിച്ചു നൽകേണ്ട സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ

2.സംഭാവനയായി ലഭിച്ച സാധനങ്ങളുടെ രജിസ്റ്റർ

3.സംഭാവനയായി ലഭിച്ച പണത്തിന്റെ രജിസ്റ്റർ

4.സ്റ്റോക്ക് രജിസ്റ്റർ

5.ആസ്തി രജിസ്റ്റർ

6.വരവു ചെലവു കണക്കു വ്യക്തമാക്കുന്ന രജിസ്റ്റർ

7.റൂം ക്ലീനിംഗ് ചാർട്ട്

8.വാർഡ് ക്ലീനിംഗ് ചാർട്ട്

9.റ്റോയ് ലെറ്റ് ക്ലീനിംഗ്ചാർട്ട്

10. Register Of Essential And Non -Essential Items

മേൽ സൂചിത രജിസ്റ്ററുകളിൽ ആസ്തി രജിസ്റ്റർ ഒഴികെ മറ്റെല്ലാ രജിസ്റ്ററുകളും തദ്ദേശസ്വയംഭരണസ്ഥാപനം കൃത്യമായും കാലികമാക്കിയും സൂക്ഷിച്ചിട്ടുണ്ട്

ദിവസവേതനക്കാർ

ശുചീകരണതൊഴിലാളികളെ ആരോഗ്യ വകുപ്പ് മാനദണ്ഡങ്ങൾ പ്രകാരമുള്ള നിരക്കിൽ വേതനം നൽകി നിയമിയ്ക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതിയുണ്ട്. എന്നാൽ പ്രസ്തുത നിരക്കിൽ സിഎഫ് എൽ റ്റിസിയിൽ ജോലി ചെയ്യാൻ ജീവനക്കാർ തയ്യാറാകാത്തതിനാൽ മാനേജിംഗ് കമ്മറ്റി നിശ്ചയിച്ച നിരക്കിൽ ജീവനക്കാർക്ക് ജോലി ചെയ്യുന്ന കാലയളവിൽ ദിവസവേതനം നൽകിയിട്ടുണ്ട്. സെക്യൂരിറ്റി ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്.

സാമ്പത്തിക വിശകലനം

സ.ഉ(സാധാ) നം1364/2020/ത.സ്വ.ഭ.വ തീയതി16.07.2020-ലെ തീരുമാനപ്രകാരം നൂറിൽ കൂടുതൽ കോവിഡ് കിടക്കകൾ സജ്ജീകരിച്ചിട്ടുള്ള സിഎഫ് എൽ റ്റിസിയ്ക്കു വേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് 40ലക്ഷം രൂപ വരെ ചെലവഴിയ്ക്കാവുന്നതാണ്. മണർകാട് ഗ്രാമപഞ്ചായത്തിന്റെ 2020-21 ലെ വാർഷികകണക്കുപ്രകാരം 67 ലക്ഷംരൂപ സി എഫ് എൽ റ്റി സി പ്രവർത്തനങ്ങൾക്കായി മുൻകൂർ നൽകിയിട്ടുണ്ട്. പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസറുടെ വിനിയോഗസാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് DDMA-യിൽ നിന്നും തുക റീഇംബേഴ്സ് ചെയ്തു കിട്ടുന്നത്.

| ഗ്രാമപഞ്ചായത്ത് സിഎഫ് എൽ റ്റിസിക്കായി ചെലവഴിച്ച തുക | DDMA-യിൽ നിന്നും തുക റീഇംബേഴ്സ് ലഭിച്ചത് | ബാലൻസ് അനുവദിക്കേണ്ട തുക |
|---|---|---|
| 63,10,832 | 42,41,208 | 20,69,624 (അപേക്ഷ സമർപ്പിച്ചിട്ടുണ്ട്) |

മണർകാട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച CFLTC യുടെ 01/07/2020 മുതൽ 31/03/2021വരെയുള്ള കാലയളവിലെ ചെലവ് വിവരം (സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ രേഖകൾ പ്രകാരം)

| ഇനം | തുക |
|---|---|
| മാലിന്യ സംസ്കരണം | 349500 |
| ട്രാൻസ്പോട്ടേഷൻ | 4700 |
| കുടിവെള്ളം | 50150 |
| സ്റ്റേഷനറി(മെഡിക്കൽ ഉൾപ്പെടെ) | 447999 |
| മൊബൈൽ ഫോൺ ചാർജിങ്ങ് | 9169 |
| ക്ലീനിംഗ് & റിപ്പയർ | 205388 |
| ഭക്ഷണം | 2394199 |
| ഹോണറേറിയം | 1711100 |
| വാടക | 178000 |
| വാങ്ങലുകൾ | 960627 |
| ആകെ | 6310832 |

**1-21 മൽസരാധിഷ്ഠിത രീതിയിൽ ഇ-ടെണ്ടർ നടത്തുന്നില്ല.**

എം ജി എൻ ആർ ഇ ജി എസ് പദ്ധതി പ്രകാരം ഓഡിറ്റ് വർഷങ്ങളിൽ മെറ്റീരിയൽ പ്രവൃത്തികൾക്കായി താഴെ പറയും പ്രകാരം തുക വിനിയോഗിച്ചിട്ടുണ്ട്.

| | |
|---|---|
| 2019-20 | 6.33ലക്ഷം |

| | |
|---|---|
| 2020-21 | 25.68ലക്ഷം |

പ്രവൃത്തികൾക്കാവശ്യമായ വിവിധങ്ങളായ മെറ്റീരിയൽ ലഭിക്കുന്നതിന് ഓരോ പ്രവൃത്തിയും ടെണ്ടർ ചെയ്യുകയും, കുറഞ്ഞ തുക ക്വോട്ട് ചെയ്ത കരാറുകാരുമായി കരാർ വച്ച് സാധനങ്ങൾ ശേഖരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. ലഭ്യമാക്കിയ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ എല്ലാ പ്രവൃത്തികൾക്കും രണ്ട്/മൂന്ന് ടെണ്ടർ മാത്രം ലഭിച്ചതായും കുറഞ്ഞ ടെണ്ടർ തുക എസ്റ്റിമേറ്റ് നിരക്കായതിനാൽ, എസ്റ്റിമേറ്റ് നിരക്കിൽ എല്ലാ പ്രവൃത്തികളും കരാർ വച്ച് കൈമാറിയതായും ബോധ്യപ്പെട്ടിട്ടുണ്ട് .സ.ഉ(കൈ)നം.93/2012/തസ്വഭവ, തീയതി 31.3.2012 തൊഴിലുറപ്പ് സാധനസാമഗ്രികൾ വാങ്ങലും സംഭരണവും വിനിയോഗവും മാർഗനിർദ്ദേശം പ്രകാരം മെറ്റീരിയൽ വർക്കിനാവശ്യമായ സാധനങ്ങൾ സമാഹരിക്കുന്നതിന് പ്രൊക്യൂർമെന്റ് കമ്മറ്റി രൂപീകരിച്ച് പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽസൂചിപ്പിച്ച എല്ലാ പ്രവൃത്തികളിലും കോൺക്രീറ്റ്, സൈഡ് കെട്ടൽ എന്നിവയിലെ ഇനങ്ങൾക്കാവശ്യമായ സാധന സാമഗ്രികളാണ് വാങ്ങിയിട്ടുള്ളത്. എല്ലാ പ്രവർത്തികൾക്കും ആവശ്യമായ മെറ്റിരീയലുകളുടെ അളവ് കണക്കാക്കി ആകെ തുകക്ക് ഇ-ടെണ്ടർ ചെയ്ത് റണ്ണിംഗ് കോൺട്രാക്ട് നൽകുന്നതിനു പകരം ഓരോ പ്രവർത്തിക്കുമായും ഓപ്പൺ ടെണ്ടർ ക്ഷണിച്ച് ഓരോ വർക്കിനും പ്രത്യേകമായി പർച്ചേസ് നടത്തുകയാണ് ചെയ്തിട്ടുള്ളത്. പ്രൊക്യൂർമെന്റ് മാർഗനിർദ്ദേശം പാലിച്ച് മൽസരാധിഷ്ഠിത ടെണ്ടർ സ്വീകരിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

**<u>1-22 മരാമത്ത് പ്രവൃത്തികൾ - ഫയലുകൾ അപൂർണ്ണം.</u>**

പഞ്ചായത്തിൽ 2020-21 വർഷം അസി.എൻജിനീയർ നടപ്പിലാക്കിയ പല പ്രോജക്ടുകളുടെയും ഫയലുകൾ മതിയായ വിവരങ്ങളില്ലാതെ അപൂർണ്ണമായാണ് സൂക്ഷിച്ചിട്ടുള്ളത്. പല ഫയലുകളിലും ടെന്റർ രേഖകൾ വച്ചിട്ടില്ല. ടെന്റർ രജിസ്റ്ററിലെ രേഖപ്പെടുത്തൽ വിവരം ഫയലുകളിൽ പരാമർശിക്കുന്നില്ല. പ്രവൃത്തി കലണ്ടർ സൂക്ഷിക്കുന്നില്ല. കരാറുകാരന് സെലക്ഷൻ നോട്ടീസ് അയയ്ക്കുന്നതിന്റെയും, സൈറ്റ് കൈമാറുന്നതിന്റെയും രേഖകൾ കൃത്യമായി ഉൾപ്പെടുത്തുന്നില്ല. ഇപ്രകാരം അപൂർണ്ണമായി ഫയലുകൾ വയ്ക്കുന്നതുമൂലം കരാറുകാർ യഥാസമയം കരാർ വയ്ക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും, പ്രവർത്തനകലണ്ടർ പാലിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നുവെന്നും ഉറപ്പാക്കാനാവുന്നില്ല. ഫയലുകൾ വ്യക്തവും പൂർണ്ണവുമായി സൂക്ഷിക്കേണ്ടതാണ്.

**<u>1-23 ക്ഷേത്രക്കുളം പുനരുദ്ധാരണം- തുടർനടപടികളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.</u>**

ഗ്രാമപഞ്ചായത്തിലെ അരീപ്പറമ്പ് മഹാദേവക്ഷേത്രക്കുളം പുനരുദ്ധാരണത്തിനായി 2014-15 വർഷം സർക്കാർ ഉത്തരവ് നം.5880/2014/ആർഡി തീയതി 26.11.2014 പ്രകാരം 20 ലക്ഷം രൂപ അനുവദിച്ചിരുന്നു. സർക്കാർ ഉത്തരവ് (കൈ) നം.185/2014/ആർ തീയതി 09.05.2014ലെ നിർദ്ദേശപ്രകാരം ട്രഷറിയിൽ പുതിയ അക്കൗണ്ട് ആരംഭിച്ച് ടി തുക 2014-15 വർഷം തന്നെ പിൻവലിച്ച് അക്കൗണ്ടിലേക്ക് മാറ്റിയിരുന്നു. ടി പ്രവൃത്തിയ്ക്ക് 70/EE/LSGD റവന്യൂ/ദേവസ്വം മണർകാട് 15-16 നമ്പർ സാങ്കേതിക അനുമതിയും 30.06.2020ലെ 1/3കമ്മറ്റി തീരുമാനവും പ്രകാരം ക്ഷേത്ര വികസന സമിതി എൽ എസ് ജി ഡി അസിസ്റ്റന്റ് എൻജിനീയറുമായി കരാറിൽ ഏർപ്പെടുകയും പ്രവൃത്തി ആരംഭിയ്ക്കുകയും ചെയ്തതിനാൽ 25% അഡ്വാൻസായി തുക നൽകിയിട്ടുണ്ട്.2020-21, 2021-22 കാലയളവുകളിലായി വൗച്ചർ നം 22000307/27.07.2020-200000/-,22100252/12.05.2021-185503/- പ്രകാരം ആകെ 385503/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്തൃസമിതി കൺവീനറുടെയും പഞ്ചായത്ത് സെക്രട്ടറിയുടെയും പേരിലുള്ള അക്കൌണ്ട് ഗുണഭോക്തൃ സമിതി ചെയർമാന്റെയും കൺവീനറുടെയും പേരിലേയ്ക്ക് മാറ്റിയതിനാൽ ടി അക്കൌണ്ടിലേയ്ക്ക് തുക കൈമാറ്റം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.( പാസ്സ് ബുക്ക് ഉൾപ്പെടെ).അഞ്ചു വർഷമായി അക്കൌണ്ടിൽ അവശേഷിയ്ക്കുന്ന തുകയുടെ തുടർ വിനിയോഗം സംബന്ധിച്ച തീരുമാനങ്ങളും ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവുകളിലെ നിർദ്ദേശപ്രകാരം തുക ചെലവഴിക്കേണ്ടതും പദ്ധതി പുരോഗതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മേധാവി വിലയിരുത്തി വിനിയോഗസർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.പ്രവൃത്തികൾ തുടരാൻ

സാധിക്കുന്നില്ലയെങ്കിൽ തുക സർക്കാരിലേക്ക് തിരികെ അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-24 നാഷണൽ റർബൻ മിഷൻ -പുതുപ്പള്ളി മണർകാട് ക്ലസ്റ്റർ-മണർകാട് ഗ്രാമപഞ്ചായത്തിൽ പദ്ധതികൾ നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല.**

(എ) കൺവർജന്റ് ഫണ്ടും, ക്രിട്ടിക്കൽ ഗ്യാപ്പ്ഫണ്ടും വിനിയോഗിച്ച് നിർമ്മാണ പ്രവൃത്തികൾക്കായി പ്രോജക്ടുകൾക്ക് നാഷണൽ റബർമിഷന്റെ അംഗീകാരം വാങ്ങിയിരുന്നു. 2017-18 വർഷം അംഗീകാരം ലഭിച്ച പ്രവൃത്തി ആരംഭിച്ച് 2019-20 വർഷം പൂർത്തിയാകുന്ന രീതിയിൽ തയ്യാറാക്കിയ പ്രോജക്ടുകളിൽ താഴെപറയുന്ന പ്രോജക്ടുകൾ 2020-21 ഓഡിറ്റുവർഷം വരെ പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റിന്റെ പേര് | കൺവർജൻസ് തുക (In Lakh) | CGF (In Lakh) |
|---|---|---|
| മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി -11ലക്ഷം | 9.25 | 1.75 |
| പിഎച്ച്സി നിർമ്മാണം-267.30 ലക്ഷം | 150.00 | 117.30 |
| പിഎച്ച്സി-അനുബന്ധ ഉപകരണങ്ങൾ -28ലക്ഷം | -- | 28.00 |
| ആയുർവ്വേദ ആശുപത്രി നിർമ്മാണം -4.888ലക്ഷം | 3.76 | 1.128 |
| സബ്സെന്റർ പിഎച്ച്സി- -100 ലക്ഷം | --- | 100.00 |
| ഹോമിയോ ആശുപത്രി മെയിന്റനൻസ് -8.15ലക്ഷം | 5.50 | 2.65 |
| പകൽ വീട്- 34ലക്ഷം | 4.00 | 30.00 |
| മാർക്കറ്റ് നവീകരണം -148ലക്ഷം | 10.00 | 138.00 |
| നാലുമണിക്കാറ്റ് നവീകരണം -12ലക്ഷം | 2.00 | 10.00 |
| മാലം/കണിയാംകുന്ന്ഗവ.യുപിഎസ് നവീകരണം -12.30 ലക്ഷം | 5.50 | 6.80 |
| മണർകാട് യുപിഎസ് പുതിയ കെട്ടിടം -195ലക്ഷം | 150.00 | 45.00 |

(ബി) വൻ തുകകളുടെ നിക്ഷേപപ്രവർത്തികൾ- പൂർത്തീകരണ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

റർബൻ മിഷൻ ഫണ്ട് ഉപയോഗിച്ച് മുൻ വർഷങ്ങളിൽ വിവിധ ഏജൻസികളിൽ തുകനിക്ഷേപിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ഗാർഹികകണക്ഷന് പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | വാട്ടർ അതോറിറ്റി | 17995319/- |

| | | |
|---|---|---|
| ചെക്ക് ഡാം- ചേലക്കുന്ന് കുടിവെള്ള പദ്ധതിയ്ക്ക് സമീപം വെള്ളൂർ തോടിന് കുറുകെ | മൈനർ ഇറിഗേഷൻ വകുപ്പ് | 34,91,305/- |
| വിവിധ തോടുകളുടെ ആഴം കൂട്ടൽ | മൈനർ ഇറിഗേഷൻ വകുപ്പ് | 2589000 |
| സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ -LED | കെ.എസ് ഇബി, പുതുപ്പള്ളി | 8595922/- |

ഗ്രാമപഞ്ചായത്തിന്റെ പരിമിതമായ വിഭവശേഷി വിനിയോഗിച്ച് ഏറ്റെടുക്കാൻ സാധിക്കുന്നതിലുപരിയായതും ബൃഹത്തായതുമായ പ്രോജക്ടുകൾക്കായി ഭീമമായ തുകകളാണ് നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിട്ടുള്ളത്. നിക്ഷേപിച്ച തുകയ്ക്ക് അനുസൃതമായതും ഭൗതികലക്ഷ്യം പൂർണ്ണമായും കൈവരിക്കുന്ന രീതിയിലും പ്രവൃത്തികൾ പൂർത്തീകരിക്കപ്പെടുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്തിനെ ബോധ്യപ്പെടുത്തുന്നതിന് നിർവ്വഹണ ഏജൻസികൾക്ക് ബാധ്യതയുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഇത് സംബന്ധമായി ഫലപ്രദമായ ഇടപെടൽ നടത്തുന്നതായി കാണുന്നില്ല. വിവിധ പ്രോജക്ടുകളുടെ നാളിതുവരെ പൂർത്തിയായ ഘട്ടങ്ങൾ, നാളിതുവരെ ചെലവഴിച്ച തുക, പൂർത്തീകരിച്ച പ്രവൃത്തികളുടെ മൂല്യം, മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് എന്നിവ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-25 എം.സി.എഫ് നിർമ്മാണം -അധികതുക നല്കി,മറ്റ് അപാകതകൾ.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പ്രോ. നം.202/21, എം.സി.എഫ് നിർമ്മാണം എന്ന പ്രോജക്ടിനായി 22-02-2019ൽ ജയ്ൻ പി ജോർജ്, പുളിങ്ങാട്ടിൽ, അയർകുന്നം എന്നയാൾ കരാർ വച്ച് പ്രവൃത്തി തുടങ്ങി. 26-02-20 ൽ പാർട്ട് ബിൽ ,486260/രൂപയും ,19-02-21ൽ ഫൈനൽബിൽ 80730/രൂപയുമുൾപ്പെടെ ആകെ 566990/രൂപ നല്കി. (എം.ബുക്ക്-174/18-19, 48/19-20).

പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ എക്സ്ട്രാ ഐറ്റം 2, സിന്തറിക് ഇനാമൽ പെയിന്റിംഗ് 204.024 ചതുരശ്രമീറ്റർ ചെയ്യുന്നതിന് 105.62 നിരക്കിൽ എന്നതാണ്. അതു പ്രകാരം തുക 21549/രൂപയാണ് നല്കേണ്ടത്. എന്നാൽ എം.ബുക്കിൽ തെറ്റായി രേഖപ്പെടുത്തി ബിൽ പ്രകാരം കരാറുകാരന് അനുവദിച്ചത് 23053/- രൂപയാണ്. അധികം അനുവദിച്ചത് 1504/രൂ.
1. (ബിൽ നം. 78/20-21/19.02.21 =80730/-
2. പാർട്ട്ബിൽ 2019-20ൽ നല്കിയത് – 486260/-
ആകെ- 566990/-)
ടി തുക കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 8) കരാറുകാരനിൽ നിന്ന് തുക ഈടാക്കുന്നതാണെന്ന് മറുപടി ലഭിച്ചു.

പ്രവൃത്തി പൂർത്തീകരിച്ചത് 12-03-20ലാണ്. അതായത് കരാർ വച്ച് ഒരുവർഷത്തിന് ശേഷം. പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച സമയക്രമം ഉൾപ്പെടെ കരാറിൽ ചേർത്തിട്ടില്ല. പിഴ ഈടാക്കിയിട്ടുമില്ല.സാങ്കേതികാനുമതി ഉൾപ്പെടെയുള്ള രേഖകളും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഫയലുകളിൽ മതിയായ രേഖകൾ ഉൾപ്പെടുത്തുന്നുവെന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

## 1-26 പാലിയേറ്റീവ് നേഴ്സിന് ഇൻസെന്റീവ്-സർക്കാർ ഉത്തരവിന് വിരുദ്ധമായി നൽകി

സ.ഉ(സാധാ)നം.1615/2020/ത.സ്വ.ഭ.വ തീ.07.09.2020 പ്രകാരം കോവിഡ് 19 കാലഘട്ടത്തിൽ പ്രവർത്തിച്ച് വരുന്ന ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് കെയർ നേഴ്സ്മാർക്ക് 2020 മാർച്ച് മാസം മുതൽ ആറുമാസത്തേയ്ക്ക് പ്രതിമാസം 1000 രൂപ വീതം ഇൻസെന്റീവ് അനുവദിക്കാമെന്ന് നിഷ്കർഷിച്ചിരുന്നു. പ്രസ്തുത ഉത്തരവിന് തുടർച്ചയായി 05.10.2020ലെ സ.ഉ(സാധാ)നം.1820/2020/ത.സ്വ.ഭ.വ നമ്പർ

ഉത്തരവിൽ പ്രസ്തുത ഇൻസെന്റീവ് 2020 സെപ്റ്റംബർ മാസം മുതൽ ആറു മാസത്തേയ്ക്ക് കൂടി പ്രതിമാസം 1000 രൂപ നിരക്കിൽ അനുവദിച്ചുകൊണ്ടും ഇതിനാവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. എന്നാൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ പ്രോജക്ടിലുൾപ്പെടുത്തി(പ്രോജക്ട് നം.7/21) പാലിയേറ്റീവ് കെയർ നേഴ്സായ ശ്രീമതി.ബിന്ദുമോൾ സി.കെ.യ്ക്ക് 2020 മാർച്ച് മാസം മുതൽ 2021 ഫെബ്രുവരി മാസം വരെ ഇൻസെന്റീവ് ഇനത്തിൽ 12000 രൂപ വികസനഫണ്ട്(ജനറൽ)ൽ നിന്നും താഴെപറയും പ്രകാരം നൽകിയിട്ടുണ്ട്.

| ബിൽ നം. | ബില്ലിൽ നിന്നും ഇൻസെന്റീവ് ഇനത്തിൽ നൽകിയ തുക |
|---|---|
| 07/20-21/13.10.20 | 6000(2020 മാർച്ച്- ആഗസ്റ്റ് ) |
| 14/20-21/16.1.21 | 3000( 2020 സെപ്റ്റംബർ-നവംബർ) |
| 15/20-21/15.1.21 | 1000(2020 ഡിസംബർ) |
| 17/20-21/27.2.21 | 1000(2021 ജനുവരി) |
| 22/20-21/16.3.21 | 1000(2021 ഫെബ്രുവരി) |
| **ആകെ** | **12000** |

ഇപ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായി 2020 സെപ്റ്റംബർ മുതലുള്ള മാസങ്ങളിൽ തനത് ഫണ്ടിൽ നിന്ന് നൽകാതെ വികസനഫണ്ടിൽ നിന്ന് തന്നെ ഇൻസെന്റീവ് നൽകിയതിന് വിശദീകരണം/മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് തുക തനതുഫണ്ടിൽ നിന്നും ഈടാക്കി സർക്കാർ ഫണ്ടിലേക്ക് അടവാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച 6000 രൂപ തനതുഫണ്ടിൽ നിന്നും വികസനഫണ്ടിലേക്ക് അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-27 സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി വ്യക്തിഗത ആനുകൂല്യം നൽകി.**

കൃഷി ഓഫീസർ 2020-21 വർഷം നിർവഹണം നടത്തിയ പ്രൊജക്ടാണ് കർഷകർക്ക് സ്പ്രേയർ (157/21). വികസന ഫണ്ട് പൊതുവിഭാഗത്തിൽ 50000 രൂപ വകയിരുത്തിയ പ്രൊജക്ടിൽ 22293 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. വ്യക്തിഗത ഗുണഭോക്താക്കൾക്ക് സ്പ്രേയർ വാങ്ങി നൽകുന്നതിനാണ് പ്രൊജക്ട് വിഭാവനം ചെയ്തത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം./പേര് | 157/21, കർഷകർക്ക് സ്പ്രേയർ |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ചെലവ്, ഫണ്ടിനം | 22293, വികസന ഫണ്ട്(പൊതുവിഭാഗം) |
| ബിൽ നം., തീയതി | 13268/-ബിൽ നം.9/21തീ.29.3.21, 9025/--ബിൽ നം.13/21 തീ.30.3.21 |

പദ്ധതി നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

സബ്സിഡി മാർഗരേഖ പ്രകാരം സ്പ്രേയർ ഉൾപ്പെടെയുള്ള യന്ത്രോപകരണങ്ങൾ വ്യക്തികൾക്ക് നൽകാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ആയത് കർഷകസമിതികൾക്കും സംഘങ്ങൾക്കും വാങ്ങി നൽകി ഉപയോഗിക്കാവുന്നതാണ്. മാർഗരേഖയ്ക്ക് വിരുദ്ധമായി 15 വ്യക്തികൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. സ്പ്രേയറുകൾ വാങ്ങി ആയതിന്റെ ബിൽ സമർപ്പിച്ച കർഷകർക്ക് 50% തുക സബ്സിഡിയായി അവരവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്. ആനുകൂല്യം ലഭ്യമായവരുടെയും നൽകിയ തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക |
|---|---|---|
| 1 | മാത്യു എം.എ. | 1725 |
| 2 | എൻ.സി. മാത്യു | 1725 |
| 3 | ഫിലിപ്പോസ് പി.എസ്. | 1194 |
| 4 | ഏലിയാസ് മാത്യു | 1725 |
| 5 | അജിത് കുമാർ ആർ. | 1548 |
| 6 | തോമസ് മാത്യു | 1194 |
| 7 | ഏലിയാമ്മ വർഗീസ് | 1194 |
| 8 | വേലു കരുണാകരൻ | 1238 |
| 9 | എം.കുര്യൻ | 1725 |
| 10 | കെ.എം.ബാബു | 1700 |
| 11 | വർഗീസ് എം.വി. | 641 |
| 12 | തമ്പാൻ പി കുര്യാക്കോസ് | 2895 |
| 13 | ഡെന്നീസ് എം വർഗീസ് | 1230 |
| 14 | സാജു ടി.എം. | 1230 |
| 15 | തങ്കപ്പൻ കെ.എസ്. | 1329 |

മാർഗരേഖയ്ക്ക് വിരുദ്ധമായി വ്യക്തിഗത ആനുകൂല്യം നൽകിയതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 12) കൃഷിവകുപ്പിൽ നിന്നും 2020-21 വർഷം സ്പ്രേയർ നൽകുന്നതിന് പദ്ധതികളൊന്നുമില്ലാതിരുന്നതിനാലും മാർഗരേഖയ്ക്ക് വിരുദ്ധമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നില്ലെന്നും മറുപടി ലഭ്യമാക്കി. പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാർ നിർദേശങ്ങൾക്കും മാർഗരേഖയ്ക്കും അനുസൃതമായി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## <u>1-28 എസ്.സി കുട്ടികൾക്ക് പഠനോപകരണങ്ങൾ - സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ ആനുകൂല്യം നൽകി</u>

പ്രോജ. നം.330/2020-21, എസ്.സി കുട്ടികൾക്ക് പഠനോപകരണങ്ങൾ

അടങ്കൽ - 210000/- (എസ്.സി.പി)

ചെലവ് -209250/- (എസ്.സി.പി)

ബിൽ നം. 1/2020-21 തീ.20.3.2021

അസി. സെക്രട്ടറി നിർവഹണം നടത്തിയ ടി പ്രോജക്ടിലേക്ക് 62 കുട്ടികൾക്ക് മേശയും കസേരയും സപ്ലൈ ചെയ്യുന്നതിനായി ടെൻഡർ ക്ഷണിക്കുകയുണ്ടായി. 6 സ്ഥാപനങ്ങൾ പ്രസ്തുത ടെൻഡറിൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഉത്പന്നങ്ങൾക്ക് നിരക്ക് ക്വോട്ട് ചെയ്തതിൽ 'വെള്ളക്കൽ ഇൻഡസ്ട്രീസ് 'എന്ന സ്ഥാപനം ക്വോട്ട് ചെയ്ത നിരക്കാണ് (സ്റ്റീൽ ടേബിൾ 2325/- രൂപയും സ്റ്റീൽ ആം ചെയർ 1050/- രൂപയുമുൾപ്പെടെ ആകെ ഒരു യൂണിറ്റിന് 3375/- )അംഗീകരിച്ചത്.

പ്രോജക്ട് നിർവഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(I)അപേക്ഷകളിൽ പട്ടികജാതി വികസന വകുപ്പിൽ നിന്നും മുമ്പ് ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

(Ii)സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്)22/18/14.02.2018 പാലിക്കാതെ പല സർക്കാർ ഉദ്യോഗസ്ഥരുടേയും കുടുംബങ്ങൾക്ക് നൽകിയിട്ടുണ്ട്. ആനുകൂല്യം ലഭിച്ച 1.ശ്രീ.പി.ആർ.വിജയൻ,പടിഞ്ഞാറെ തോട്ടയ്ക്കാട് (C/Oവിനയ.പി.ആർ, വാർഡ് 2), 2.ശ്രീ.ഗിരീഷ്, കുളത്തിങ്കൽ (C/O അഭിജിത്ത് കെ.ജി, വാർഡ് 17) 3.ശ്രീ.പ്രവീൺ.പി.വാസ്, പരവൻ പറമ്പിൽ (C/O

ഗൗതവ്.പി, വാർഡ് 17) എന്നിവർ സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥരാണെന്ന് റേഷൻ കാർഡിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട അർഹരായവർക്ക് മാത്രം നൽകേണ്ട ഇത്തരം ആനുകൂല്യങ്ങൾ സർക്കാർ ഉദ്യോഗസ്ഥരുടെ കുടുംബങ്ങൾക്ക് നൽകിയ നടപടി അംഗീകരിക്കാവുന്നതല്ല. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/8.03.2022) ലഭിച്ച മറുപടി തൃപ്തികരമല്ല.

ഗ്രാമസഭാ ലിസ്റ്റിൽ അർഹരായവരെ മാത്രം ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതും സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ച് മാത്രം ഇത്തരം പദ്ധതികൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

**<u>1-29 കാലിത്തീറ്റ വാങ്ങാത്ത ഗുണഭോക്താക്കളുടെ വിഹിതം തിരികെ ലഭ്യമാക്കിയില്ല.</u>**

| | |
|---|---|
| പ്രോജക്ട് നമ്പർ, | 38/19-20,<br>SO 207/20-21 |
| ചെലവ്, ഫണ്ടിനം | 400000/-<br>തനതുഫണ്ട്,<br>237500/- വികസന ഫണ്ട് |
| ചെക്ക് നമ്പർ, തീയതി | 585956/24.3.20,<br>ബിൽ നം.1/20-21 തീ.17.4.20 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

ഗ്രാമപഞ്ചായത്തിലെ 2019-20 വർഷത്തെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 51 ഗുണഭോക്താക്കളുടെ 4-6 മാസമാസ കന്നുകുട്ടികൾക്ക് കാലിത്തീറ്റ നൽകുന്നതിനായി ആവിഷ്കരിച്ച കന്നുകുട്ടി പരിപാലനം എന്ന പ്രൊജക്ടിനു വേണ്ടി 2019-20 വർഷം തനതുഫണ്ടിൽ നിന്നും 400000 രൂപയും സ്പിൽ ഓവറായി തയ്യാറാക്കിയ 207/21 പ്രൊജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും 237500 രൂപയും അസിസ്റ്റന്റ് ഡയറക്ടർ, കന്നുകുട്ടി പരിപാലന പദ്ധതി കോട്ടയത്തിന്റെ അക്കൗണ്ടിലേക്ക് മുൻകൂറായി കൈമാറിയിരുന്നു. തിരുവഞ്ചൂർ ക്ഷീരവികസന സംഘത്തിനായിരുന്നു കാലിത്തീറ്റ വിതരണ ചുമതല കൈമാറിയിരുന്നത്. 8/20 മുതൽ കാലിത്തീറ്റ വിതരണം ആരംഭിച്ചിട്ടുണ്ട്. വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ലിസ്റ്റിലുൾപ്പെട്ട ശാന്താകുമാരി അന്തർജനം, ലളിതാമ്മ ടി.എം., സിബി മാത്യു കുട്ടിക്കൽ എന്നിവർ കാലിത്തീറ്റ വാങ്ങുന്നില്ലെന്ന് കാണുന്നു. കൂടാതെ പദ്ധതിയിലുൾപ്പെട്ട പ്രീത ബാലൻ, തൈപ്പറമ്പിൽ എന്ന വ്യക്തി 2/21 വരെ മാത്രമാണ് കാലിത്തീറ്റ വാങ്ങിയിട്ടുള്ളതെന്നും വ്യക്തമാകുന്നു.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് ട്രഷറിയിലെ സാങ്കേതിക പ്രശ്നങ്ങൾ മൂലം വികസനഫണ്ടിൽ നിന്നുള്ള വിഹിതം 2019-20 ൽ അടവാക്കാനായില്ലെന്നും സ്പിൽ ഓവറാക്കി 2020-21 ൽ തുക പൂർണമായി അടവാക്കിയതിന് ശേഷം 8/20 ലാണ് പദ്ധതി ആരംഭിക്കാനായതെന്നും കാലിത്തീറ്റ വാങ്ങാതിരുന്ന ഗുണഭോക്താക്കളുടെ പശുക്കിടാരികൾ ഇക്കാലയളവിനിടയിൽ ചത്തു പോയതിനാലാണ് കാലിത്തീറ്റ വാങ്ങാതിരുന്നതെന്നും മറുപടി നൽകിയിട്ടുണ്ട്. പദ്ധതിയ്ക്കായി 590506 രൂപ ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. ചെലവഴിക്കാതെ അവശേഷിക്കുന്നത് 46994രൂപയാണ്.

ഓരോ ഗുണഭോക്താവിനും 12500 രൂപ വീതം മുൻകൂറായി അടവാക്കിയിട്ടുള്ള സാഹചര്യത്തിൽ കാലിത്തീറ്റ വാങ്ങാത്തവർക്കായി അടവാക്കിയ തുകയും ഇടയ്ക്ക് നിർത്തിപ്പോയ ഗുണഭോക്താക്കളുടെ ആനുപാതിക വിഹിതവും തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്. പദ്ധതി പൂർത്തിയായി വിനിയോഗ വിവരം ലഭ്യമാകുന്നത് വരെ അവശേഷിക്കുന്ന തുകയായ46994 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 വി.ഇ.ഒ നടപ്പാക്കിയ വിവിധ പദ്ധതികൾ - വാല്യുവേഷൻ ലഭ്യമായില്ല, ചെലവ് രേഖകൾ അപൂർണ്ണം

I)

| | |
|---|---|
| പ്രോജക്ട് നം./പേര് | 32/2021, പഠനമുറി |
| അടങ്കൽ | 1000000/- |
| ചെലവ് | 600000/- (SCP) |
| ബിൽ നം./ തീയതി | 16/18.02.21, 19/23.02.21, 25/06.03.21, 28/18.03.21, 29/18.03.21, 39/30.03.21, 45/31.03.21 |

ടി പ്രോജക്ടിൽ ആനുകൂല്യം കൈപ്പറ്റിയ ശ്രീ. വിജയകുമാർ.കെ.വി (വാർഡ് 4, കൈപ്പറ്റ് 1.75 ലക്ഷം), രാജപ്പൻ.കെ.കെ (വാർഡ് 2, കൈപ്പറ്റ് 1.5 ലക്ഷം), മുത്തുമാരിയപ്പൻ (വാർഡ് 6, കൈപ്പറ്റ് 1.75 ലക്ഷം), റജി.എം.പി (വാർഡ് 3, കൈപ്പറ്റ് 1 ലക്ഷം) എന്നീ ഗുണഭോക്താക്കൾ തുക കൈപ്പറ്റിയെങ്കിലും വാല്യുവേഷൻ ലഭ്യമായിട്ടില്ല. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.21/17.03.2022) മറുപടി ലഭ്യമായില്ല. വാല്യുവേഷൻ ലഭ്യമാക്കുന്നതുവരെ ചെലവ് തുക (600000/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

Ii)

| | |
|---|---|
| പ്രോജക്ട് നം./ പേര് | 31/21, വീട് വാസയോഗ്യമാക്കൽ |
| അടങ്കൽ | 2550000/- |
| ചെലവ് | 2125000/- (എസ്.സി.പി) |
| ബിൽ നം./ തീയതി | 8/15.01.21, 12/02.02.21, 14/08.02.21, 18/24.02.21, 23/05.03.21, 27/08.03.21, 30/19.03.21, 31/22.03.21, 34/23.03.21, 37/27.03.21, 43/31.03.21, 44/33.03.21 |

വീട് വാസയോഗ്യമാക്കൽ എന്ന പ്രോജക്ടിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ തുക കൈപ്പറ്റിയെങ്കിലും ആവശ്യമായ രേഖകൾ ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | വാർഡ് | നിലവിലെ അവസ്ഥ | കൈപ്പറ്റിയ തുക | ഫയലിൽ ലഭ്യമല്ലാത്ത രേഖകൾ |
|---|---|---|---|---|---|
| 1. | ലീമ കെ.തങ്കപ്പൻ | 13 | പണി പൂർത്തിയായി | 150000/- | വാല്യുവേഷൻ |
| 2. | ശശി.പി.കെ, | - | പണി പൂർത്തിയായി | 150000/- | എസ്.സി. വകുപ്പിൽ നിന്നുള്ള സർട്ടിഫിക്കറ്റ് |
| 3 | അനീഷ്.പി.ആർ | 2 | പണി പൂർത്തിയായി | 150000/- | വാല്യുവേഷൻ, എസ്.സി. വകുപ്പിൽ നിന്നുള്ള സർട്ടിഫിക്കറ്റ് |
| 4 | ചെല്ലമ്മ രാജൻ | 11 | പണി | 150000/- | വാല്യുവേഷൻ |

| | | | | | |
|---|---|---|---|---|---|
| | | | പൂർത്തിയായിട്ടില്ല | | |
| 5 | ബിന്ദു.എം,സി | 9 | പണി പൂർത്തിയായി | 150000/- | വാല്യുവേഷൻ |
| 6 | കുട്ടപ്പൻ | 7 | പണി പൂർത്തിയായി | 150000/- | വാല്യുവേഷൻ, എസ്.സി. വകുപ്പിൽ നിന്നുള്ള സർട്ടിഫിക്കറ്റ് |
| 7 | ശാന്തമ്മ രാജൻ | 12 | പണി പൂർത്തിയായിട്ടില്ല | 75000/- | വാല്യുവേഷൻ |
| 8 | ഉദയൻ.ബി | 10 | പണി പൂർത്തിയായി | 150000/- | വാല്യുവേഷൻ |
| 9 | അമ്മിണി.എം.എൻ | 4 | പണി പൂർത്തിയായി | 150000/- | വാല്യുവേഷൻ |
| 10 | സോമൻ | 1 | പണി പൂർത്തിയായി | 150000/- | വാല്യുവേഷൻ |
| 11 | ഭവാനി തങ്കപ്പൻ | 6 | പണി പൂർത്തിയായി | 150000/- | വാല്യുവേഷൻ, എസ്.സി. വകുപ്പിൽ നിന്നുള്ള സർട്ടിഫിക്കറ്റ് |
| 12 | സുമോദ്.വി.എ | - | പണി പൂർത്തിയായി | 150000/- | വാല്യുവേഷൻ |
| 13 | സോമരാജൻ.സി.എ | 1 | പണി പൂർത്തിയായിട്ടില്ല | 100000/- | വാല്യുവേഷൻ |
| 14 | മനേഷ്.പിറ്റി | 4 | പണി പൂർത്തിയായിട്ടില്ല | 100000/- | വാല്യുവേഷൻ, കരാർ |
| 15 | സുകുമാരൻ.കെ.കെ | - | പണി പൂർത്തിയായിട്ടില്ല | 75000/- | അപേക്ഷ, വാല്യുവേഷൻ,കരാർ, എസ്.സി. വകുപ്പിൽ നിന്നുള്ള സർട്ടിഫിക്കറ്റ് |

ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.21/17.03.2022) മറുപടി ലഭ്യമായില്ല. പണി പൂർത്തിയായ മേൽപ്പറഞ്ഞ 10 ഗുണഭോക്താക്കളിൽ വാല്യുവേഷൻ ലഭിക്കാനുള്ള (ക്രമ നം. 2 ഒഴികെയുള്ള) ബാക്കി 9ഗുണഭോക്താക്കളുടെ വാല്യുവേഷൻ ലഭ്യമാക്കുന്നതുവരെ ചെലവ് തുക 1350000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

lii)

| | |
|---|---|
| പ്രോജക്ട് നം./ പേര് | 244/21, വീട് മേൽക്കൂര മാറ്റി വെയ്ക്കൽ (സ്പിൽ ഓവർ) |
| അടങ്കൽ | 250000/- |
| ചെലവ് - | 200000/- (ടി.എസ്.പി) |
| ബിൽ നം./ തീയതി | 17/24.1.2021, 32/23.2.2021, 41/31.3.2021, 42/31.3.2021 |

ടി പ്രോജക്ടിൽ ഗുണഭോക്താവായ ശ്രീ.ശങ്കു പൊന്നപ്പൻ (വാർഡ് 13) വീട് മേൽക്കൂര മാറ്റി വെയ്ക്കൽ പ്രവൃത്തി പൂർത്തീകരിക്കുകയും 150000/- രൂപ കൈപ്പറ്റുകയും ചെയ്തു. എന്നാൽ ടി പ്രവൃത്തിയുടെ വാല്യുവേഷൻ, കരാർ എന്നിവ ഫയലിൽ ലഭ്യമല്ല.

ഗുണഭോക്താവായ ശ്രീമതി.രമ്യ.വി.വി, വല്യൂഴത്തിൽ എന്ന ഗുണഭോക്താവ് 100000/- രൂപ കൈപ്പറ്റിയെങ്കിലും ബന്ധപ്പെട്ട പ്രവൃത്തിയുടെ അപേക്ഷ, കരാർ, വാല്യുവേഷൻ തുടങ്ങിയ രേഖകൾ ലഭ്യമല്ല. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.21/17.03.2022) മറുപടി ലഭ്യമായില്ല. വാല്യുവേഷന്റെ അഭാവത്തിൽ ഓഡിറ്റ് വർഷത്തെ ചെലവ് തുക (200000/-) തടസ്സപ്പെടുത്തുന്നു.

Iv)

| | |
|---|---|
| പ്രോജക്ട് നം./ പേര് | 163/21, വീട് വാസയോഗ്യമാക്കൽ (ടി.എസ്.പി) |
| അടങ്കൽ | 600000/- |
| ചെലവ് | 484000/- (TSP) |
| ബിൽ നം./ തീയതി | 13/2.2.2021, 15/19.2.2021, 26/8.3.2021 , 33/22.3.2021,, 40/31.3.2021 |

ഗുണഭോക്താക്കളായ ശ്രീ.സുനിൽ വി.എം (കൈപ്പറ്റ് - 150000/-), ശ്രീമതി.അജിത.വി.ജി (കൈപ്പറ്റ് - 100000/-) , സുരേന്ദ്രൻ.കെ.റ്റി (കൈപ്പറ്റ് - 134000/-), നിർമ്മല കെ.റ്റി (കൈപ്പറ്റ് - 100000/-) എന്നീ ഗുണഭോക്താക്കൾ തുക കൈപ്പറ്റിയെങ്കിലും പണി പൂർത്തിയായത് സംബന്ധിച്ച വാല്യുവേഷൻ, മുമ്പ് ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.21/17.03.2022) മറുപടി ലഭ്യമായില്ല. വാല്യുവേഷന്റെ അഭാവത്തിൽ ചെലവ് തുക (484000/-) തടസ്സപ്പെടുത്തുന്നു.

V)

| | |
|---|---|
| പ്രോജക്ട് നം./പേര് | 242/21, എസ്.സി വീട് വാസയോഗ്യമാക്കൽ (സ്പിൽ ഓവർ) |
| അടങ്കൽ | 259610/- |
| ചെലവ് | 209610/- (തനത് ഫണ്ട്) |

താഴെപ്പറയുന്ന ഗുണഭോക്താക്കൾ വീട് അറ്റകുറ്റപ്പണി പൂർത്തിയാക്കിയെങ്കിലും ബന്ധപ്പെട്ട ഫയൽ, ചെലവ് രേഖകൾ, വാല്യുവേഷൻ എന്നിവ ഹാജരാക്കിയില്ല.

(I)എ.കെ. ഗോപാലൻ (ഓഡിറ്റ് വർഷം കൈപ്പറ്റ് - 9610/- ചെക്ക് നം.495043/30.8.2020)

(Ii)പി.എം.രാജപ്പൻ, (ഓഡിറ്റ് വർഷം കൈപ്പറ്റ് - 50000/- ചെക്ക് നം.495043/30.8.2020)

(Iii)സാബു.വി.കെ (ഓഡിറ്റ് വർഷം കൈപ്പറ്റ് - 100000/- ചെക്ക് നം.495043/30.8.2020)

(Iv)ശരത്.കെ.രാജു (ഓഡിറ്റ് വർഷം കൈപ്പറ്റ് - 50000/- ചെക്ക് നം.495030/17.9.2020)

ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.21/17.03.2022) മറുപടി ലഭ്യമായില്ല. ചെലവ് രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക (209610/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-31 ഗവ. സ്കൂളിലേക്ക് പാചക പാത്രങ്ങൾ വാങ്ങൽ - ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചില്ല**

പ്രോജ. നം.218/2020-21, ഗവ. സ്കൂളിലേക്ക് പാചക പാത്രങ്ങൾ വാങ്ങൽ

അടങ്കൽ - 109000/-

ചെലവ് - 109000/- (നോൺ റോഡ്)

ബിൽ നം.1/17.04.2020

ജി.എച്ച്.എസ്, എസ്, അരീപ്പറമ്പ്, ജി.യു.പി.എസ്, മണർകാട്, ജി.യു.പി.എസ്, മാലം, ജി.എൽ.പി.എസ്, മണർകാട് എന്നീ ഗവ. സ്കൂളുകളിലേക്ക് പാചക പാത്രങ്ങൾ വാങ്ങലിനായി 10.01.2020 ൽ 001/2019 നമ്പർ ടെൻഡർ നോട്ടീസ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ടെൻഡറിൽ 'കണ്ടത്തിൻചിറയിൽ ട്രേഡ് ലിങ്ക്സ്' എന്ന ഒരേയൊരു സ്ഥാപനം മാത്രമാണ് ടെൻഡർ സമർപ്പിച്ചിട്ടുള്ളത്. 15.02.2020 ലെ പഞ്ചായത്ത് കമ്മറ്റിയുടെ 1/4 ാം തീരുമാനപ്രകാരം ടെൻഡർ അംഗീകരിക്കുകയും വാങ്ങലിനായി നിർവഹണ ഉദ്യോഗസ്ഥയെ ചുമതലപ്പെടുത്തുകയും ചെയ്തു. 29.02.2020 ലെ സപ്ലൈ ഓർഡർ പ്രകാരം പ്രസ്തുത ഉപകരണങ്ങൾ കണ്ടത്തിൻചിറയിൽ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി സ്കൂളുകൾക്ക് നൽകി. മത്സരക്ഷമതയുള്ള ടെൻഡർ നടപടിക്രമങ്ങൾ പാലിക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/8.03.2022) കമ്മറ്റി തീരുമാന പ്രകാരം ചുമതലപ്പെടുത്തിയതനുസരിച്ച് മാത്രമാണ് വാങ്ങൽ നടത്തിയത് എന്നും മറുപടി ലഭിച്ചു. ടെൻഡർ നടപടിക്രമങ്ങൾ പാലിച്ച് മത്സരക്ഷമതയുള്ള ടെൻഡറുകൾ ലഭിച്ചുവെന്ന് ഉറപ്പ് വരുത്തി മാത്രം ഇത്തരം പ്രോജക്ടുകൾ നടപ്പാക്കാൻ നിർവഹണ ഉദ്യോഗസ്ഥർ , പ്രൊക്യുവർമെന്റ് കമ്മിറ്റി,ഭരണസമിതി എന്നിവർ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 കന്നുകുട്ടി പരിപാലനം -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ, | 12/20-21 |
| ചെലവ്, ഫണ്ടിനം | 637500/-<br>വികസനഫണ്ട്, |
| ചെക്ക് നമ്പർ, തീയതി | ബിൽ നം.4/20-21 തീ.8.1.21 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

ഗ്രാമപഞ്ചായത്തിലെ 2020-21 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 51 ഗുണഭോക്താക്കളുടെ 4-6 മാസമായ കന്നുകുട്ടികൾക്ക് കാലിത്തീറ്റ നൽകുന്നതിനായി ആവിഷ്കരിച്ച പ്രൊജക്ടിനു വേണ്ടി വികസന ഫണ്ടിൽ നിന്നും 637500 രൂപ അസിസ്റ്റന്റ് ഡയറക്ടർ, കന്നുകുട്ടി പരിപാലന പദ്ധതി കോട്ടയത്തിന്റെ അക്കൗണ്ടിലേക്ക് മുൻകൂറായി കൈമാറിയിരുന്നു. അരീപറമ്പ് ക്ഷീരവികസന സംഘത്തിനായിരുന്നു കാലിത്തീറ്റ വിതരണ ചുമതല കൈമാറിയിരുന്നത്. 6/21 മുതൽ കാലിത്തീറ്റ വിതരണം ആരംഭിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയായി വിനിയോഗ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ 637500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2020-21 | 08.03.2022 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | --- | 93717 | 120/21ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 93717 | ---- |
| പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | --- | 100000 | 233/21വടക്കൻ മണ്ണൂർപ്പടി-പാറയിൽപ്പടി റോഡ് കോൺക്രീറ്റിംഗ് | 100000 | |
| പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | ---- | 200000 | 231/21തെക്കേൽപ്പടി-കുളത്തുപുറത്തുപടി റോഡ് വികസനം | 200000 | |
| പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | - | 100000 | 314/21പിലാത്തോട്ടുപടി പലിലാട്ടുപടി റോഡു ടാറിംഗ് | 100000 | |
| ആകെ | | | | 493717 | |
| കോട്ടയം ജില്ലാ പഞ്ചായത്ത് | --- | 81783 | അനുപൂരകപോഷകാഹാരം | 81783 | |
| **ആകെ** | | | | **81783** | |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ നിക്ഷേപപ്രവൃത്തികൾ ഇല്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

### 4.5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ

അവശേഷിക്കുന്ന വായ്പ തുകയുടേയും വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശം | ഉത്തരവ് നമ്പർ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതിക്ക് വേണ്ടി HUDCOയിൽ നിന്നും അനുവദിച്ച വായ്പ | ജി ഒ(എം.എസ്) 68/2018, 18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018--- | 3171549 | 81594 | 336432 | | 2916711 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1651256 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| പലിശ | 99406 |
| ആകെ | 1750662 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1750662 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു</u>

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കാനറ ബാങ്ക്, മണർകാട് അക്കൗണ്ട് നം. 0779401001414/17 | 1750662 |
| ആകെ | 1750662 |

## 4-7 ഓഡിറ്റ് റിക്കവറി

**ഓഡിറ്റ് റിക്കവറിഇനത്തിലെ വരവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു**

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/ തീയതി |
|---|---|---|---|---|
| 2018-19 | 1-10-1-(2) | 2500 | സെന്റ് മേരിസ് ഹോസ്പിറ്റൽ , സ്ഥാപനതൊഴിൽ നികുതി | 12003010 1974/22.09.2020 |

| | | | | |
|---|---|---|---|---|
| 2018-19 | 1-10-1-(2) | 2500 | അരീപ്പറമ്പ് എസ്.സി.ബി സ്ഥാപനതൊഴിൽ നികുതി | 120030102243/1.10.2020 |
| 2017-18 | 1-(3) | 480 | പയനീയർ ഇൻഡസ്ട്രീസ് തൊഴിൽ നികുതി | 120030102555/23.10.2020 |
| 2017-18 | 1-(3) | 1000 | ബാലൻ, ഡി&ഒ | 120030103538/30.12.2020 |
| 2017-18 | 1-(3) | 300 | മിനി അബ്രഹാം ,ഡി&ഒ | 120030103545/30.12.2020 |
| 2017-18 | 1-(3) | 1000 | കുര്യാച്ചൻ തോമസ്, ഡി&ഒ | 120030103570/1.01.2021 |
| 2017-18 | 1-(3) | 1000 | ലിസ്സി തോമസ് , ഡി&ഒ | 120030103571/1.01.2021 |
| ആകെ | | 8780 | | |

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം**

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2017-18 | 3-4 | 2018-19 | കോട്ടയം ജില്ല-1 | ഐ.എസ്.ഒ സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട നവീകരണ പ്രവത്തികൾ --പൊതു പണത്തിന്റെ ദുർവ്യയം | നിയമസഭാസമിതി നാളിതുവരെ പരിഗണിച്ചിട്ടില്ല |

**4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം**

2013-14 വർഷത്തെ റിപ്പോർട്ട് ഖണ്ഡിക 3-3 പ്രകാരം നിരാകരിച്ച 25,000/- രൂപ ഉത്തരവാദിയായ സെക്രട്ടറി ശ്രീമതി അനിത എ. തോമസിൽ നിന്ന് ഈടാക്കുന്നതിന് കെ.എസ്.എ. 12926/ സ്പെ.സെൽ./സി.എസ്.സി.-സി3/2015/30.12.2015 പ്രകാരം സർചാർജ്ജ് നോട്ടീസ് നൽകി. 9.11.2016-ലെ കെ.എസ്.എ. 12926/സ്പെ.സെൽ/ സി.എസ്.സി/സി3/2015 കത്ത് മുഖേന നഷ്ട തുക ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിൻ പ്രകാരം 6.1.2017-ലെ കെ.എസ്.എ.കെ.ടി.എം. പി15/820/2016 കത്ത് മുഖേന സെക്രട്ടറിയോട് ആവശ്യപ്പെട്ടു. ഇതു സംബന്ധിച്ച നടപടി ഇനിയും തീർപ്പാക്കിയിട്ടില്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 103701124.65 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 78821290 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3528104 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 46994 | ഡോ. ബിനോയ് പി. മാത്യു, വെറ്റിനറി സർജൻ |
| 1-30(1) | 600000 | ശ്രീമതി സന്തമകുമാരി റ്റി.എസ്, വി.ഇ.ഒ |
| (2) | 1350000 | |
| (3) | 200000 | |
| (4) | 484000 | |
| (5) | 209610 | |
| 1-32 | 637500 | ഡോ. മെറിൻ അലക്സാണ്ടർ, വെറ്റിനറി സർജൻ |
| ആകെ | 3528104 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ – ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ബാധകമല്ല

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31.3.2022 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | |
|---|---|---|
| 2002-03 | എൽ.എഫ്.കെ.പി.6-/744/07/18.4.08 | |
| 2003-04 | കെ എസ് എ കെടിഎം പി13-അദാ-18/189(1)1-2-18. | 3 |
| 2004-05 | കെ എസ് എ കെടിഎം പി13-അദാ-18/189(2)1-2-18. | 4 |
| 2005-06 | കെ എസ് എ കെടിഎം പി13-അദാ-18/189(3)1-2-18. | 3 |
| 2006-07 | കെ എസ് എ കെടിഎം പി13-അദാ-18/189(4)1-2-18. | 8 |

| | | |
|---|---|---|
| 2007-08 | കെ എസ് എ കെടിഎം പി13-അദാ-18/189(5)1-2-18. | 6 |
| 2008-09 | കെ എസ് എ കെടിഎം പി13-അദാ-18/189(9)1-2-18. | 3 |
| 2009-10 | കെ എസ് എ കെടിഎം പി13-അദാ-18/189(7)1-2-18. | 2 |
| 2010-11 | കെ എസ് എ കെടിഎം പി13-അദാ-18/189(8)1-2-18. | 4 |
| 2011-12 | കെ എസ് എ കെടിഎം പി13-അദാ-18/189(6)1-2-18. | 4 |
| 2012-13 | എൽ.എഫ്.കെ.പി.12-825/14/11.8.15 | 17 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി12-241/16/16.03.16/26.03.16 | 9 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി13-1129/16/29.05.17 | 24 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി12-1737/16/21.11.16 | 23 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി12-1384/17/23.01.18 | 23 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി13-1958/18/15.11.18 | 22 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി13-815/2021/13.07.21 | 27 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം കോട്ടയം,**

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ മണർകാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## <u>അനുബന്ധം-2</u>

## <u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

കോട്ടയം ജില്ലയിലെ മണർകാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്